2019 DECEMBER 29
sunday@deepika.com

സൺഡേ ദീപിക



വിശുദ്ധ ചാവറ 150-ാം ഓർമത്തിരുന്നാൾ

വിശുദ്ധനായ ചാവറയച്ചന്റെ ആത്മാർഥ സുഹൃത്തായിരുന്നു മാന്നാനം ചിറ്റേഴം തറവാട്ടിലെ ഈച്ചരച്ചാർ എന്ന ഈശ്വരൻ നായർ. അദ്ദേഹത്തിന്റെ കൊച്ചുമകനായ **സി.വി. ആനന്ദബോസ് ഐഎഎസിന്റെ** ഓർമക്കുറിപ്പുകളാണ് ഇത്. കേരളത്തിന്റെ സാമൂഹിക നവോത്ഥാനത്തിനു തുടക്കം കുറിച്ച വിശുദ്ധ ചാവറയച്ചനെക്കുറിച്ചുള്ള ഈ നിരീക്ഷണങ്ങൾ ശ്രദ്ധേയമാണ്. ശ്രീനാരായണ ഗുരു, ചട്ടമ്പിസ്വാമികൾ, വക്കം മൗലവി, വി.ടി. ഭട്ടതിരിപ്പാട്, മന്നത്തു പത്മനാഭൻ എന്നിവർക്കൊക്കെ എത്രയോ സംവത്സരങ്ങൾക്കു മുമ്പാണു ചരിത്രപരമായ നവോത്ഥാന നടപടികൾ ചാവറയച്ചൻ പ്രയോഗത്തിൽ വരുത്തിയതെന്ന് ലേഖകൻ അനുസ്മരിക്കുന്നു. ചാവറപ്പിതാവിന്റെ ഒരു വർഷം നീണ്ടുനില്ക്കുന്ന 150-ാം ഓർമത്തിരുന്നാളിന് ജനുവരി മൂന്നിന് തുടക്കമാകും.

ജോൺ മണ്ണാറത്തറ സിഎംഐ എഡിറ്റ് ചെയ്ത 'ലൈറ്റ് ഓൺ ദി ബേൺട് ഹൊറൈസൺ' എന്ന പുസ്തകത്തിനായി ഷിജു ജോർജ് വരച്ച ചിത്രം.(അവലംബം)

# നവോത്ഥാന നായകർക്കു വഴികാട്ടി വിശുദ്ധ ചാവറയച്ചൻ

**'വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ പുണ്യാളൻ തന്നെയാണെന്ന് ഉറച്ചു വിശ്വസിച്ചിരുന്നയാളാണ് എന്റെ മുത്തശി. മുത്തശിയിൽ നിന്നു ഞങ്ങൾക്കു പകർന്നു കിട്ടിയ വായ്മൊഴികളാണു ചാവറയച്ചനെക്കുറിച്ചുള്ള ചരിത്രത്തിലെ അതീവ സമ്പന്നമായ അറിവുകൾ. അമൂല്യമായ ആ അറിവുകളിൽ ചിലത് ദീപിക വായനക്കാർക്കായി പങ്കുവയ്ക്കാൻ അവസരം കിട്ടിയതിൽ ദൈവത്തിനു നന്ദി പറയുന്നു.'- മുതിർന്ന ഐഎഎസ് ഉദ്യോഗസ്ഥനായ ഡോ. സി.വി. ആനന്ദബോസ് വിശുദ്ധ ചാവറയച്ചനെക്കുറിച്ചു ലോകം അധികമറിയാത്ത അറിവുകൾ പങ്കുവയ്ക്കുന്നു. ദീപിക അസോസിയേറ്റ് എഡിറ്ററും ഡൽഹി ബ്യൂറോ ചീഫുമായ ജോർജ് കള്ളിവയലിലുമായി നടത്തിയ അഭിമുഖത്തിൽനിന്ന് ...**

'ചാവറയച്ചന്റെ വിശുദ്ധിയെക്കുറിച്ചു മുത്തശി എപ്പോഴും പറയുമായിരുന്നു. പല സംഭവങ്ങളിലും ചാവറയച്ചനിലെ പുണ്യാളനെ മുത്തശി അക്കാലത്തെ തിരിച്ചറിഞ്ഞു. മുത്തശി പറയുന്നതു പലതും കേട്ട് അന്നു ചിരിക്കുമായിരുന്നു. അതിന്റെ നിഗൂഢമായ പുതിയ അർഥങ്ങൾ ഇന്നു ബോധ്യമുണ്ട്. മുത്തശിയുടെ വായ്മൊഴികൾ ചരിത്രരേഖകൾ പോലെ വ്യക്തമായിരുന്നു. ജ്യേഷ്ഠൻ മോഹൻ ബോസിനാണ് ഇക്കാര്യങ്ങൾ കൂടുതൽ അറിയാവുന്നത്.' ചാവറയച്ചനെക്കുറിച്ച് ഇംഗ്ലീഷിലുള്ള ഒരു പുസ്തകത്തിന്റെ രചനയിലാണ് ആനന്ദബോസ്. വലിയൊരു പുസ്തകം എഴുതിയാൽ പോലും ചാവറയച്ചനെക്കുറിച്ചുള്ള മുഴുവൻ കാര്യങ്ങളും ലോകത്തെ അറിയിക്കുക പ്രയാസമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

## ഉറ്റതോഴൻ ഈച്ചരച്ചാർ

വിശുദ്ധനായ ചാവറയച്ചന്റെ സമകാലീനൻ ആയിരുന്നു മാന്നാനം ചിറ്റേഴം തറവാട്ടിലെ ഈച്ചരച്ചാർ. ഇപ്പോഴത്തെ രീതിയിൽ ഈശ്വരൻ നായർ എന്നു വേണമെങ്കിൽ പറയാം. പക്ഷേ, അന്നു ബഹുമാനത്തോടെ വിളിച്ചിരുന്നത് ഈച്ചരച്ചാർ എന്നായിരുന്നു. സാത്വികനും സംസ്കൃതത്തിൽ പ്രാവീണ്യം ഉള്ള വ്യക്തിയുമായിരുന്നു. ചാവറയച്ചനേക്കാൾ നാലു വയസിനു മൂപ്പുണ്ടായിരുന്നു. എങ്കിലും സമകാലീനരും അടുത്ത സുഹൃത്തുക്കളുമായിരുന്നു കുലീനരായ കൂട്ടുകാർ. ഏറ്റുമാനൂരിൽ നിന്നു ചാവറയച്ചന്റെ ചങ്ങാതിയായ ഹുസൈനാർ റാവുത്തർ എന്നയാളും അക്കാലത്ത് ഇടയ്ക്കൊക്കെ ചാവറയച്ചനുമായി ചർച്ചകൾക്കായി ചിറ്റേഴം തറവാട്ടിലെത്തുമായിരുന്നു. അതായിരുന്നു അന്നത്തെ മതേതര കൂട്ടായ്മ.

പുതിയ പള്ളി പണിയാൻ മാന്നാനം ആയിരുന്നില്ല ചാവറയച്ചൻ ആദ്യം തെരഞ്ഞെടുത്തത്. സമീപപ്രദേശത്തെ പുല്ലരിക്കുന്നായിരുന്നു. തഹസീൽദാരുടേതടക്കം പള്ളിക്കു വേണ്ട അനുമതികളെല്ലാം ശരിയാകുകയും ചെയ്തു. പക്ഷേ നാട്ടുകാരിൽ ഒരു വിഭാഗം എതിർപ്പുമായി രംഗത്തെത്തി. കുമാരനല്ലൂർ കാർത്യായനി ക്ഷേത്രത്തിന്റെ അടുത്തു മറ്റൊരു ദേവാലയം അവിടെ വേണ്ടെന്നായിരുന്നു ഇക്കൂട്ടരുടെ വാദം. അനുമതിയെല്ലാം കിട്ടിയ സ്ഥിതിക്കു പള്ളി പണിതേ പറ്റൂ എന്നായി മറുവിഭാഗം. പള്ളി നിർമാണത്തെ അനുകൂലിച്ചും എതിർത്തും ജനങ്ങൾ രണ്ടു വിഭാഗങ്ങളായി ചേരിതിരിഞ്ഞു.

ഇതിനിടയിൽ അതിരമ്പുഴയിലെ മറ്റു മതസ്ഥരായ ചിലർ കൂടി ഈ പ്രശ്നത്തിൽ കയറി ഇടപെട്ടു. പള്ളി പണിയാൻ എന്തു തരത്തിലുള്ള പിന്തുണയും അവർ വാഗ്ദാനം ചെയ്തു. പല്ലിനു പല്ല് എന്ന നിലയിലേക്കു രംഗം മാറി. പള്ളി വേണമെന്നു വാദിക്കുന്നവർ അതിനായി ചാവറയച്ചനു മേൽ സമ്മർദ്ദം ശക്തമാക്കി. എന്തു വന്നാലും പള്ളി പണിതേ പറ്റൂ എന്ന വാശിയിലായിരുന്നു ഇക്കൂട്ടർ.

പക്ഷേ ചാവറയച്ചൻ എല്ലാം കർത്താവിൽ സമർപ്പിച്ചു പ്രാർഥിച്ച ശേഷം ഒരു തീരുമാനമെടുത്തു. പള്ളിയുടെ പേരിൽ സഹോദരന്മാർ തമ്മിൽ സംഘട്ടനം വേണ്ടെന്ന ഉറച്ച തീരുമാനം ആയിരുന്നു അച്ചന്റേത്. സഹോദരരിൽ ചിലരെ വിഷമിപ്പിച്ച് പുല്ലരിക്കുന്നിൽ പള്ളി പണിയില്ലെന്ന ശക്തമായ തീരുമാനം. ആ നിമിഷം ചാവറയച്ചൻ പുണ്യാളൻ ആയെന്നാണു ഞങ്ങളുടെ കുടുംബത്തിന്റെ വിശ്വാസം.

ബൈബിളിൽ പറഞ്ഞതാണു ചാവറയച്ചൻ അന്ന് പ്രാവർത്തികമാക്കിയത്. സങ്കീർത്തനങ്ങളിൽ പറയുന്നത് ഇപ്രകാരമാണ്- 'Unless the Lord builds the house, they labour in vain who build it'. ഈ സംഭവത്തോടെ ചാവറയച്ചനിലെ മഹത്വവും കുലീനതയും വലിയ ചർച്ചാവിഷയമായി.

പുല്ലരിക്കുന്നിലെ സ്ഥലത്തു പള്ളി പണിയേണ്ടെന്നു തീരുമാനിച്ചതോടെ, പകരം സ്ഥലം അന്വേഷിക്കാൻ തുടങ്ങി. ആ സമയത്താണ് ഈച്ചരച്ചാരുമായി ചാവറയച്ചൻ ബന്ധപ്പെടുന്നത്. മാന്നാനത്തു പള്ളിക്കായി സ്ഥലം തേടി. കൊട്ടാരം ദേവീക്ഷേത്രം മാന്നാനത്തുണ്ടായിരുന്നു. പക്ഷേ അവിടെയടുത്തു കത്തോലിക്കാ പള്ളി പണിയുന്നതിനെ അവിടത്തുകാർ സ്വാഗതം ചെയ്തു. ദേവാലയങ്ങൾ വരുന്നതു നാടിന് ഐശ്വര്യമാണെന്ന ചിന്താഗതിയാണ് ഈച്ചരച്ചാർക്ക് ഉണ്ടായിരുന്നത്. അങ്ങനെ അതിരമ്പുഴയിൽ താമസിച്ചിരുന്ന ചാവറയച്ചൻ മാന്നാനത്തു വന്നു സ്ഥലം നോക്കി.

## മാന്നാനം പള്ളിക്ക് ഒരു പിടി അരി

മൂന്നു പ്രബല കുടുംബങ്ങളായിരുന്നു അക്കാലത്ത് മാന്നാനത്ത് ഉണ്ടായിരുന്നത്. ക്രൈസ്തവ കുടുംബമായ തയ്യിൽ, നായർ കുടുംബങ്ങളായിരുന്ന കളമ്പാട്ട്, ഈച്ചരച്ചാരുടെ ചിറ്റേഴം എന്നിവ. ഇവരെയെല്ലാം ചാവറയച്ചൻ കൂടെ നിർത്തി. പള്ളിക്കു സ്ഥലം കൊടുക്കാൻ മൂന്നു പേരും തയാറായി. ഉയർന്ന സ്ഥലത്തു വേണം പള്ളി പണിയാനെന്നായിരുന്നു ചാവറയച്ചന്റെ ചിന്ത. അങ്ങനെയാണ് മാന്നാനത്തെ കുന്നിൻപുറത്ത്, ഇപ്പോൾ പള്ളി നിൽക്കുന്ന സ്ഥലത്ത് അന്നു പള്ളിക്കായി സ്ഥലം കണ്ടെത്തിയത്. പുല്ലരിക്കുന്നിലും കുന്നിൻപുറത്തായിരുന്നു ആദ്യം പള്ളിക്കായി സ്ഥലം തെരഞ്ഞെടുത്തത്.

ചാവറയച്ചനു താമസിക്കാനും പള്ളി പണിക്കാവശ്യമായ സാധനങ്ങൾ സൂക്ഷിക്കാനും ഈച്ചരച്ചാർ കളപ്പുര വിട്ടു നൽകി. പള്ളി പണിക്ക് പണം ആവശ്യമായിരുന്നെങ്കിലും വിദേശത്തു നിന്ന് ആയിരുന്നില്ല ചാവറയച്ചൻ പണം കൊണ്ടുവന്നത്. പിടി അരി എന്ന സങ്കൽപം ചാവറയച്ചനും ഈച്ചരച്ചാരും തമ്മിലുള്ള ചർച്ചകളിലാണ് ഉടലെടുത്തത്.

വീട്ടിൽ ഉച്ചയൂണിനായി അരി ഇടുമ്പോൾ എല്ലാ വീട്ടുകാരും ഒരു പിടി അരി പള്ളിക്കു കൂടി മാറ്റി വയ്ക്കുകയായിരുന്നു രീതി. ഇതിനു പുറമേ കാർഷികോത്പന്ന പിരിവും നടത്തി. കാച്ചിൽ, ചേമ്പ്, കപ്പ, തേങ്ങ, വാഴക്കുല തുടങ്ങിയവ മിക്ക വീട്ടുകാരും പള്ളിക്കായി നൽകി. ഇതു ലേലം ചെയ്തോ, വിറ്റോ പണം കണ്ടെത്തി. പക്ഷേ ചാവറയച്ചൻ നേരിട്ടായിരുന്നില്ല പണപ്പിരിവു നടത്തിയത്. മുതിർന്ന പോരൂക്കര തോമസ് കത്തനാരും പാലയ്ക്കൽ മൽപാൻ അച്ചനുമായിരുന്നു പിരിവിന്റെ ചുമതലക്കാർ.

മാന്നാനത്തെ പള്ളി പണിയുമായി ബന്ധപ്പെട്ടു ധാരാളം പ്രശ്നങ്ങളുണ്ടായി. പല പ്രശ്നങ്ങളും സ്വന്തം സമുദായത്തിനുള്ളിൽ നിന്നു തന്നെയായിരുന്നു. ഇതൊക്കെ ഈച്ചരച്ചാരോടായിരുന്നു ചാവറയച്ചൻ മനസു തുറന്നിരുന്നത്. സ്വന്തം സമുദായക്കാരൻ അല്ലാതിരുന്നതിനാലും വിശ്വസ്ത ചങ്ങാതിയായിരുന്നതിനാലുമാണിത്.

## പുണ്യവാന്റെ സ്വഷ്ടി

ചിറ്റേഴം തറവാട്ടിലെ മൂവാണ്ടൻ മാവിന്റെ ചുവട്ടിലായിരുന്നു മിക്ക ദിവസങ്ങളിലും ചാവറയച്ചനും ഈച്ചരച്ചാരും തമ്മിൽ സംസാരിച്ചിരുന്നത്. ചാവറയച്ചന് ഇരിക്കാൻ ഒരു പ്രത്യേക കസേര ഉണ്ടായിരുന്നു. ഈട്ടിത്തടിയിൽ തീർത്ത പിച്ചള കെട്ടിയ കൈകളുള്ള തലയെടുപ്പുള്ള ഒരു കസേരയാണത്. 'ചാവര ചെയർ' എന്നാണു പിന്നീട് ഞങ്ങളെല്ലാം വിളിച്ചിരുന്നത്.

വർഷങ്ങൾക്കു ശേഷം ഞാൻ കോട്ടയം മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിലെ ചാവറ ചെയറിന്റെ ചെയർമാനായതു നിയോഗമാകും. ഐഎഎസ് ഉദ്യോഗസ്ഥനെന്ന നിലയിൽ പല ചെയർമാൻ പദവികളും വഹിച്ചിട്ടുണ്ടെങ്കിലും അതിലേറ്റവും വിലപ്പെട്ടതായി കണക്കാക്കുന്നത് ചാവറ ചെയർ ആണ്. ചാവറയച്ചന്റെ സംഭാവനകളെക്കുറിച്ച് ആദ്യമായി ഐക്യരാഷ്ട്രസഭയിൽ പ്രസംഗിക്കാനും എനിക്ക് അവസരം ലഭിച്ചത് അദ്ദേഹത്തിന്റെ പുണ്യം മൂലമാകും.

തറവാട്ടിലെ സർപക്കാവിനടുത്തായിരുന്നു ചാവറയച്ചനും ഈച്ചരച്ചാരും സംസാരിച്ചിരുന്ന മാവിൻ ചുവട്. ഇരുവരും സംസാരിച്ചിരിക്കുമ്പോൾ ഒരു ദിവസം ഒരു വലിയ സർപം വന്നു. ഈച്ചരച്ചാർ പരിഭ്രമിച്ചുപോയി. ചാവറയച്ചനാകട്ടെ ഒട്ടും പരിഭ്രാന്തി ഉണ്ടായില്ല.

കൈവിരിച്ച് അച്ചൻ പ്രാർഥിച്ചു. പിന്നെ നോക്കുമ്പോൾ പാമ്പ് എവിടെപ്പോയെന്നു കണ്ടില്ല. ഉഗ്രനായ വിഷസർപം വരുമ്പോൾ എങ്ങനെയാണ് ചാവറയച്ചന് ശാന്തനായി പ്രാർഥിക്കാൻ സാധിച്ചത്. അതൊരദ്ഭുതം തന്നെ.

ദൈവത്തിലുള്ള സമ്പൂർണമായ സമർപ്പണം ഒന്നുകൊണ്ടു മാത്രമാണു ചാവറയച്ചന് ഒരു ഭയപ്പാടും അന്നു തോന്നാതിരുന്നത്. ഒരു പുണ്യവാന്റെ സൃഷ്ടിയുടെ തുടക്കമാണു കാണാനായത്. പരിശുദ്ധാരൂപിയുടെ കൈയൊപ്പു ചാവറയച്ചനു ലഭിച്ചിരുന്നു. സമാനമായ പല സംഭവങ്ങളും യേശുക്രിസ്തുവിന്റെ ജീവിതത്തിലും വിശ്വസാഹിത്യത്തിലും കാണാനാകും. അതീന്ദ്രിയമെന്നോ, മായികമെന്നോ (മെറ്റഫിസിക്കൽ) പറയാവുന്ന ഒരു ബന്ധം.

## കാറും കോളും നോക്കാതെ

ഗലീലിയക്കടലിൽ കാറിലും കോളിലും പെട്ടു ഭയന്ന ശിഷ്യരെ കടലിനു മുകളിലൂടെ നടന്നുചെന്നു ശാന്തമാക്കിയ യേശുവിനെയാണ് ആദ്യം ഓർമയിൽ വരുക. ജെറാർഡ് മാൻലി ഹോപ്കിൻസ് എന്ന കത്തോലിക്കനായി മാറിയ പഴയൊരു ആംഗ്ലിക്കൻ വൈദികന്റെ 'ദി റെക് ഓഫ് ദി ഡോയിഷ്‌ലാൻഡ്' എന്ന കവിതയിൽ സമാനമായൊരു കഥയുണ്ട്.

ജർമനിയിലെ ബ്രെമൻ തുറമുഖത്തു നിന്ന് ഒരു കപ്പൽ പുറപ്പെട്ടു. കാറ്റിലും കോളിലും പെട്ട് കപ്പൽ മുങ്ങുമെന്ന ഘട്ടം വന്നു. യാത്രക്കാരെല്ലാം ഭയചകിതരായി നാലുപാടും ഓടി. ഇതിനിടയിൽ അഞ്ചു കന്യാസ്ത്രീകൾ മാത്രം ഒന്നും സംഭവിക്കാത്തതു പോലെ ശാന്തചിത്തരായി എല്ലാവരെയും സമാധാനപ്പെടുത്തി. ദൈവത്തിലുള്ള പൂർണമായ സമർപണവും വിശ്വാസവുമാണ് അഞ്ചു കന്യാസ്ത്രീകളെ ശാന്തമായി വർത്തിക്കാൻ സഹായിച്ചത്. യേശുക്രിസ്തുവിന്റെ അഞ്ചു തിരുമുറിവുകൾ പോലെയാണ് ഈ അഞ്ചു കന്യാസ്ത്രീമാരെന്നു പറയുന്നവരുണ്ട്.

ഫ്രാൻസിസ് തോംസന്റെ 'ദ ഹൗണ്ട് ഓഫ് ഹെവൻ' എന്ന രചനയിൽ ഒരു വേട്ടനായ ഉണ്ട്. വേട്ടനായ ആക്രമിക്കുമ്പോൾ അതിലെ കഥാപാത്രം ഭയന്നു വിറയ്ക്കുന്നു. ഒടുവിൽ വേട്ടനായയ്ക്കു മുന്നിൽ അടിയറവു പറയുമ്പോൾ വേട്ടനായ ശാന്തനാകുന്നു. ദൈവത്തിനു മുന്നിൽ സമ്പൂർണമായി കീഴടങ്ങുന്നതിന്റെ ശക്തിയാണത്. അതുപോലെ സർപത്തെ കണ്ടു ഭയക്കാതെ ശാന്തനായി പ്രാർഥിക്കാനായ ചാവറയച്ചനും സർഗസൃഷ്ടികൾക്കു പാത്രമാകേണ്ടതാണ്.

(ശേഷം പേജ് 2)

വിശുദ്ധ ചാവറ 150-ാം ഓർമത്തിരുന്നാൾ

## ഡോ. സി.വി. ആനന്ദബോസ്



ആശയങ്ങളുടെ മനുഷ്യൻ (Man of ideas) എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയും പ്രചോദിതനായ ഉദ്യോഗസ്ഥൻ (Inspired civil servant) എന്നു മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗും ആശയങ്ങളുടെ തമ്പുരാൻ (Lord of ideas) എന്നു കേരള സർക്കാരും വിശേഷിപ്പിച്ച മുതിർന്ന ഐഎഎസുകാരനാണ് ഡോ. സി.വി. ആനന്ദബോസ്. കേന്ദ്രസർക്കാരിന്റെ ഡിബിഎൽ പൈതൃക പദ്ധതിയുടെ ഉപദേഷ്ടാവായ ഡോ. ആനന്ദബോസ് ശ്രേഷ്ഠനായ ഉദ്യോഗസ്ഥൻ, മാനേജ്മെന്റ് ഗുരു, എഴുത്തുകാരൻ, വാഗ്മി എന്നീ നിലകളിലെല്ലാം തിളങ്ങുന്നു. മേഘാലയ സർക്കാരിന്റെ കാബിനറ്റ് പദവിയുള്ള ഉപദേശകനുമാണ്.

ഐക്യരാഷ്ട്രസഭയുടെ കൺസൾട്ടേറ്റീവ് പദവിയുള്ള ഹാബിറ്റാറ്റ് അലയൻസിന്റെ ചെയർമാനാണ്. കേന്ദ്ര സെക്രട്ടറി, ചീഫ് സെക്രട്ടറി റാങ്കിൽ സർവീസിൽ നിന്നു വിരമിച്ച ശേഷവും ബോസ് പൊതുജീവിതത്തിൽ സജീവമാണ്. കളക്ടറും മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയും മുതൽ വൈസ് ചാൻസലർ വരെയുള്ള പദവികളിലും ബോസിന്റെ മുദ്രകൾ പതിഞ്ഞു. തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ അമൂല്യ നിധികളെക്കുറിച്ചു പഠിക്കാൻ സുപ്രീംകോടതി നിയോഗിച്ച പ്രത്യേക സമിതിയുടെ ചെയർമാനുമായിരുന്നു ബോസ്.

പ്രശസ്തമായ ജവഹർലാൽ നെഹ്റു ഫെലോഷിപ്പ് ബോസ് നേടിയിട്ടുണ്ട്. മസൂറിയിലെ സിവിൽ സർവീസസ് അക്കാഡമിയുടെ പ്രഥമ ഫെലോയുമാണ്. ഇംഗ്ലീഷ്, മലയാളം, ഹിന്ദി ഭാഷകളിലായി 40 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു.

നിർമിതി കേന്ദ്ര, ജില്ലാ ടൂറിസം കൗൺസിൽ, ഹാബിറ്റാറ്റ് അലയൻസ് തുടങ്ങിയവ ദേശീയ, അന്തർദേശീയ തലങ്ങളിൽ വ്യാപിപ്പിക്കുന്നതിലും വലിയ പങ്കു വഹിച്ചു. ആറ്റമിക് എനർജി എജ്യൂക്കേഷൻ സൊസൈറ്റി ചെയർമാനുമായിരുന്നു.

ദേശീയവും അന്തർദേശീയവുമായ 26 പുരസ്കാരങ്ങൾ ബോസ് നേടിയിട്ടുണ്ട്. ഭവനനിർമാണ രംഗത്തെ ബോസിന്റെ നൂതന ശ്രമങ്ങൾ നാലു തവണ യുഎൻ ഗ്ലോബൽ ബെസ്റ്റ് പ്രാക്ടീസ് ആയി തെരഞ്ഞെടുത്തു.കേന്ദ്രസർക്കാർ ദേശീയ ഹാബിറ്റാറ്റ് സ്പെഷൽ അവാർഡും നൽകി. സാഹിത്യ രംഗത്തെ മികവിന് അമേരിക്കയിൽ നിന്ന് ഇന്ത്യ ഇന്റർനാഷണൽ ലിറ്ററി അവാർഡ്, ഷാർജ ബുക് ഫെയറിൽ ഓവർസീസ് ലിറ്ററി ക്രിറ്റിക്സ് അവാർഡ് എന്നിവയും നേടി.

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വികസന അജൻഡകൾ തയാറാക്കിയ വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർമാനായിരുന്നു ബോസ്. കോട്ടയം മാന്നാനത്തെ പുരാതന നായർ കുടുംബത്തിലെ അംഗമാണ്. ആനന്ദ ബോസിന്റെ മുത്തച്ഛൻ ഈച്ചരച്ചാർ (ഈശ്വരൻ നായർ) വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനുമായി വളരെ അടുത്ത ബന്ധം പുലർത്തിയിരുന്നയാളാണ്. പരേതനായ പി.കെ. വാസുദേവൻ നായരുടെയും പത്മാവതിയമ്മയുടെയും മകനായ ബോസും നാലു സഹോദരന്മാരും മൂന്നു സഹോദരിമാരും സിഎംഐ സ്കൂളുകളിലും കോളജുകളിലുമാണ് വിദ്യാഭ്യാസം നേടിയത്. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ ചാവറ ചെയറിന്റെ ചെയർമാനുമായി.

ദീപിക ബാലസഖ്യം സംസ്ഥാന ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ച ആനന്ദ ബോസ് ദീപികയുമായുള്ള ബന്ധം എപ്പോഴും സജീവമായി നിലനിർത്തി. മുൻ ആഭ്യന്തര സെക്രട്ടറി എൽ. രാധാകൃഷ്ണൻ ഐഎഎസിന്റെ സഹോദരി ലക്ഷ്മിയാണു ഭാര്യ. മകൻ വാസുദേവ ബോസ് ന്യൂയോർക്കിൽ നടനകലയിൽ ബിരുദാനന്തര ബിരുദത്തിനു പഠിക്കുന്നു.

### പൊറുക്കുന്ന മനസിനുടമ

ചാവറയച്ചനു മനഃപ്രയാസം ഉണ്ടാക്കിയ പലതും അക്കാലത്തുണ്ടായിട്ടുണ്ട്. പക്ഷേ തനിക്കെതിരേ പ്രവർത്തിക്കുന്നവരോടെല്ലാം പൊറുക്കാനും പിന്നീട് അവരെ സഹായിക്കാനും ചാവറയച്ചന് പ്രത്യേകമായൊരു മഹത്വം ഉണ്ടായിരുന്നു. റോക്കോസ് എന്ന ഒരു വിദേശി വൈദികന്റെ വരവാണ് അതിലൊന്ന്. കേരളത്തിലെത്തിയ റോക്കോസച്ചൻ സ്വയം മെത്രാനായി അവരോധിക്കുകയും പള്ളികളുടെ നിയന്ത്രണം ഓരോന്നായി കൈക്കലാക്കുകയും ചെയ്തു. ചാവറയച്ചൻ ഇതിനെ എതിർത്തു.

എഴുപുന്ന പാറായിൽ തരകൻ അന്നു കത്തോലിക്കാ സഭയിലെ പ്രമാണിയായിരുന്നു. പക്ഷേ തരകൻ റോക്കോസ് മെത്രാന്റെ കൂടെയായിരുന്നു. ഇതു ചാവറയച്ചനു വിഷമമായി. തരകനെ കൂടെ നിർത്തണമെന്ന് ഈച്ചരച്ചാർ ചാവറയച്ചനോടു പറഞ്ഞു. പക്ഷേ തരകനുമായി സംസാരിക്കാൻ ചാവറയച്ചൻ തയാറായിരുന്നില്ല. മഹാഭാരതത്തിലേതു പോലെ യുദ്ധത്തിലും തർക്കത്തിലും സാമ, ദാന, ഭേദ, ദണ്ഡങ്ങളെല്ലാം ഉപയോഗിക്കണമെന്ന് ഈച്ചരച്ചാർ വീണ്ടും ഓർമിപ്പിച്ചു. തുടർന്നു തരകനുമായി സംസാരിക്കാൻ ദൂതന്മാരെ അച്ചൻ അയച്ചു. റോക്കോസിനെ കൈവിട്ടില്ലെങ്കിലും തരകൻ അയഞ്ഞു.

അങ്ങനെയിരിക്കെ അപ്രതീക്ഷിതമായി റോമിൽ നിന്നു ചാവറയച്ചനൊരു കത്തു കിട്ടി. റോക്കോസിനെ മാർപാപ്പ അയച്ചിട്ടില്ലെന്നായിരുന്നു ഉള്ളടക്കം. പിന്നീട് റോക്കോസിന് യൂറോപ്പിലേക്കു മടങ്ങിപ്പോകാൻ പണം വരെ കൊടുത്തത് ചാവറയച്ചനാണ്. മറക്കാനും ക്ഷമിക്കാനുമുള്ള വലിയ പാഠമാണു ചാവറയച്ചൻ കാണിച്ചുതന്നത്.

### നവോത്ഥാന വിപ്ലവനായകൻ

ലോകം കണ്ട അറിയപ്പെടുന്ന നവോത്ഥാന നായകരിൽ പലരേക്കാളും മുമ്പേയെത്തിയ ധിഷണാശാലിയായ വലിയ നവോത്ഥാന നായകനായിരുന്നു ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. രാജാറാം മോഹൻ റോയ്, മഹാദേവ് ഗോവിന്ദ് റാനഡെ, ദേവേന്ദ്രനാഥ ടാഗോർ, ഈശ്വർ ചന്ദ്ര വിദ്യാസാഗർ തുടങ്ങിയവരുടെ സമകാലികനോ മുമ്പനോ ആയിരുന്നു ചാവറയച്ചൻ. ശ്രീനാരായണ ഗുരു, ചട്ടമ്പിസ്വാമികൾ, വക്കം മൗലവി, വി.ടി. ഭട്ടതിരിപ്പാട്, മന്നത്തു പത്മനാഭൻ എന്നിവർക്കൊക്കെ എത്രയോ മുമ്പാണു ചരിത്രപരമായ നവോത്ഥാന നടപടികൾ ചാവറയച്ചൻ പ്രയോഗത്തിൽ വരുത്തിയത്.

1805ൽ ജനിച്ച് 1871ൽ ലോകത്തോടു വിടപറഞ്ഞ ചാവറയച്ചന്റെ കാലഘട്ടത്തിനു ശേഷമാണ് സോവ്യറ്റ് യൂണിയനിലെ ലെനിൻ അടക്കമുള്ളവർ നവോത്ഥാനത്തിനു തുടക്കമിട്ടത്. ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ വിദ്യാഭ്യാസത്തിലൂടെ കുതിപ്പു നേടുന്നതിനു തുടക്കമായതിനും 70 വർഷം മുമ്പാണു ചാവറയച്ചൻ ഇതിനു കേരളത്തിൽ തുടക്കമിട്ടത്. വിദ്യാഭ്യാസത്തിലൂടെ വിമോചനം എന്ന ആശയത്തിന്റെ ഉപജ്ഞാതാവായ ലാറ്റിൻ അമേരിക്കൻ ചിന്തകനും വിദ്യാഭ്യാസ പരിഷ്കർത്താവുമായ പൗലോ ഫ്രെയറിന്റെ 'പെഡഗോഗി ഓഫ് ദി ഒപ്രെസ്ഡ്' പ്രസിദ്ധീകരിച്ചതു പോലും ചാവറയച്ചൻ മരിച്ച് 97 വർഷങ്ങൾക്കു ശേഷം 1968ലാണ്.

കീഴ്ജാതിക്കാർക്കും സ്കൂളുകളിൽ മറ്റുള്ളവരോടൊപ്പം പ്രവേശനം നൽകിയതും ഓരോ പള്ളിയോടും ചേർന്നു പള്ളിക്കൂടം നിർബന്ധമാക്കുകയും അക്രൈസ്തവർക്കു കൂടി വിദ്യാഭ്യാസം നൽകുകയും സംസ്കൃത സ്കൂൾ തുടങ്ങിയതും ഉച്ചഭക്ഷണ പദ്ധതിയും പ്രിന്റിംഗ് പ്രസ് സ്ഥാപിച്ചതും അഗതിമന്ദിരവും അടക്കം നൂറ്റാണ്ടിനു മുമ്പു ചിന്തിക്കാൻ പോലും കഴിയാതിരുന്ന നവോത്ഥാന വിപ്ലവമാണ് ചാവറയച്ചൻ ലോകത്തിനു മുന്നിൽ നടപ്പാക്കിയത്.

### എല്ലാവരുടേയും പുണ്യാളൻ

കേവലം കത്തോലിക്കാ സഭയുടെയോ, ക്രൈസ്തവരുടെയോ മാത്രമല്ല, മനുഷ്യകുലത്തിന്റെയും ഭൂലോകത്തിന്റെയും ആകെ പുണ്യാളനാണ് ചാവറയച്ചൻ. അസാധാരണവും അത്യപൂർവവും അതിവിശിഷ്ടവുമായ ഒട്ടേറെ കാര്യങ്ങളാണു ചാവറയച്ചനിൽ നിന്നു കേരളീയ സമൂഹത്തിനും ലോകത്തിനാകെയും കിട്ടിയത്. ചാവറയച്ചന്റെ വിശുദ്ധിയും കഴിവും മികവും ദർശനവും ദീർഘവീക്ഷണവും മറ്റും വെളിവാക്കുന്ന ചെറുതും വലുതുമായ 15 കാര്യങ്ങൾ പരിശോധിക്കാം.

**1. എല്ലാ മതങ്ങളോടും ബഹുമാനം**

തികഞ്ഞ ക്രൈസ്തവ വിശ്വാസിയായി തുടർന്നുകൊണ്ടു തന്നെ മറ്റു മതസ്ഥരെയും മതഗ്രന്ഥങ്ങളെയും ബഹുമാനിക്കാനും ആദരിക്കാനും ചാവറയച്ചനു കഴിഞ്ഞു. മതേതരത്വം ആയിരുന്നു ചാവറയച്ചന്റെ വിലപ്പെട്ട മുഖം. എല്ലാ മതങ്ങളെയും ബഹുമാനിക്കാനും എല്ലാ സംസ്കാരങ്ങളെയും ഉൾക്കൊള്ളാനും എല്ലാ നന്മകളെയും സ്വാംശീകരിക്കാനും ദീർഘദർശികൾക്കും വിശുദ്ധന്മാർക്കുമേ കഴിയൂ.

**2. അടിയുറച്ച ദൈവവിശ്വാസം**

മുമ്പു ചൂണ്ടിക്കാട്ടിയതു പോലെ, ദൈവത്തിലുള്ള സമ്പൂർണ സമർപ്പണവും വിശ്വാസവും ചാവറയച്ചൻ നമുക്കു കാട്ടിത്തന്നു. ദൈവവിശ്വാസത്തിലായിരുന്നു ചാവറയച്ചന്റെ ശക്തിയും പ്രചോദനവും.

**3. പ്രാർഥനയുടെ പ്രാധാന്യം**

പ്രാർഥനയുടെ, പ്രത്യേകിച്ചു ഭക്ഷണത്തിനു തൊട്ടുമുമ്പുള്ളതിന്റെ പ്രാധാന്യം അച്ചൻ പരിശീലിപ്പിച്ചു. ഭക്ഷണത്തിനു തൊട്ടു മുമ്പ് പ്രാർഥിക്കുന്ന (ഗ്രേസ് ബിഫോർ മീറ്റ്) രീതി ചിറ്റേഴം തറവാട്ടിലും നടപ്പായി. ചാവറയച്ചനിൽ നിന്നാണ് ഈ രീതി മുത്തശിയും അമ്മയും പതിവാക്കിയത്. സാധാരണ നായർ തറവാടുകളിൽ കാലും കൈയും കഴുകി സന്ധ്യാനാമം ചൊല്ലിക്കഴിഞ്ഞിട്ടാണ് അത്താഴം കഴിക്കുക. പക്ഷേ ചാവറയച്ചൻ ഓരോ ഭക്ഷണത്തിനു മുമ്പും പ്രാർഥിച്ചിരുന്നു. മുത്തശിയും അമ്മയും ഇതാവർത്തിച്ചു.

**4. പെൺകുട്ടികളുടെ വിദ്യാഭ്യാസം**

ചാവറയച്ചന്റെ മറ്റു ചില വലിയ സംഭാവനകളാണിത്. പെൺകുട്ടികളെ പഠിപ്പിക്കണമെന്നു ചാവറയച്ചൻ എപ്പോഴും പറയുമായിരുന്നു. അതു കേട്ടാണു മുത്തശി വളർന്നത്. പെൺകുട്ടികൾ ഇംഗ്ലീഷ് പഠിക്കുന്നതു ശരിയല്ലെന്നായിരുന്നു അക്കാലത്തെ ചിന്ത. പഠിച്ചാൽ വിദേശ നോവലുകൾ വായിക്കും. അതു ശരിയല്ലെന്നായിരുന്നു ധാരണ. പക്ഷേ ചാവറയച്ചന്റെ സ്വാധീനത്തിൽ എന്റെ അമ്മ പത്മാവതി അമ്മയെ സെന്റ് ഫിലോമിനാസ് സ്കൂളിൽ ഇംഗ്ലീഷ് പഠിക്കാനയച്ചു.

**5. സംസ്കൃത സ്കൂളുകൾ**

ചാവറയച്ചന്റെ കാലത്ത് സംസ്കൃതം ഒരു സജീവ ഭാഷയായിരുന്നില്ല. പക്ഷേ മഹാഭാരതവും രാമായണവും അടക്കമുള്ള ഇതിഹാസങ്ങളും ഹൈന്ദവ പുരാണങ്ങളും വേദങ്ങളും മറ്റും സംസ്കൃതത്തിലായിരുന്നു. ഇവയൊക്കെ അവഗാഹത്തോടെ പഠിക്കാൻ ചാവറയച്ചൻ പ്രത്യേക താത്പര്യമെടുത്തു. അടുത്ത തലമുറയ്ക്കു കൂടി ഇതിന്റെ പ്രയോജനം കിട്ടണമെന്ന കാഴ്ചപ്പാടിലായിരുന്നു ചാവറയച്ചൻ സംസ്കൃത സ്കൂൾ തുടങ്ങിയത്.

**6. എല്ലാവർക്കും വിദ്യാഭ്യാസം**

ജാതി, മത ഭേദമില്ലാതെ ശരിയായ നവോത്ഥാനം പ്രയോഗത്തിലാക്കി. അന്നു വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്ന കീഴ്ജാതിക്കാർക്കും താൻ സ്ഥാപിച്ച സ്കൂളുകളിൽ പ്രവേശനം നൽകാൻ ചാവറയച്ചൻ തയാറായി. അക്കാലത്ത് സർക്കാർ സ്കൂളുകളിൽ പോലും പ്രവേശനമില്ലാതിരുന്ന കീഴാളന്മാർക്കാണ് ചാവറയച്ചൻ തന്റെയൊപ്പം സ്ഥാനം നൽകിയത്. സാമൂഹ്യതിന്മകൾക്കെതിരേയും ചാവറയച്ചൻ വിദ്യാഭ്യാസവും ദളിത്, സ്ത്രീ ശക്തീകരണവും ഉപയോഗപ്പെടുത്തി. വിദ്യാഭ്യാസം ക്രൈസ്തവർക്കു മാത്രമല്ല, എല്ലാവർക്കും കൊടുക്കാൻ അദ്ദേഹം തയാറായി. സമൂഹത്തിലാകെ തന്നെ നവോത്ഥാനത്തിന്റെ വിത്തു പാകിയത് ചാവറയച്ചനാണെന്നു കാണാനാകും.

**7. പള്ളിക്കൊരു പള്ളിക്കൂടം**

ഓരോ പള്ളി പണിയുമ്പോഴും ഒരു പള്ളിക്കൂടം കൂടി സ്ഥാപിക്കണമെന്നതു ചാവറയച്ചൻ കൽപനയായി ഇറക്കി നിർബന്ധമാക്കിയെന്നതിനു വലിയ ദർശനമുണ്ട്. പള്ളിക്കൂടങ്ങളിൽ നാനാജാതി മതസ്ഥർക്കും പ്രവേശനം നൽകാനും ശ്രദ്ധിച്ചു.

1917ൽ എല്ലാവർക്കും വിഭ്യാഭ്യാസം എന്നതു നടപ്പാക്കിയതാണു സോവ്യറ്റ് യൂണിയന്റെ ഉയർച്ചയുടെ തുടക്കം. ക്യൂബയിൽ ഫിഡൽ കാസ്ട്രോ കൊണ്ടുവന്ന 'യോ സി പ്യൂഡോ' (യെസ് ഐ ക്യാൻ എന്നാണ് ഈ സ്പാനീഷ് വാചകത്തിന്റെ ഇംഗ്ലീഷ്) പുതിയ വിദ്യാഭ്യാസ വിപ്ലവത്തിനു വഴിതെളിച്ചു. വയോജന വിദ്യാഭ്യാസത്തിനായിരുന്നു കാസ്ട്രോ ഊന്നൽ നൽകിയത്. യുനെസ്കോ അംഗീകരിച്ച ഈ പദ്ധതി 29 രാജ്യങ്ങളിൽ നടപ്പാക്കി.

പക്ഷേ ചാവറയച്ചൻ ഇതൊക്കെ കേരളത്തിൽ നടപ്പാക്കിയത് ലെനിനേക്കാളും ഫിഡൽ കാസ്ട്രോയേക്കാളും ഒക്കെ എത്രയോ മുമ്പാണ്. ദേശീയ തലത്തിൽ ബൃഹത്തായ സമഗ്ര വിദ്യാഭ്യാസ പദ്ധതി വിശുദ്ധ ചാവറയച്ചന്റെ പേരിൽ തുടങ്ങേണ്ടതാണ്.

**8. ഉച്ചഭക്ഷണ പദ്ധതി**

നൂറ്റാണ്ടിനു മുമ്പേ കേരളത്തിൽ ആദ്യമായി ദളിതരും പാവപ്പെട്ടവരുമായവർക്ക് ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കാൻ ചാവറയച്ചനു കഴിഞ്ഞു. ക്രിസ്ത്യൻ മിഷണറിമാരുടെ ഉച്ചഭക്ഷണ പദ്ധതി മാതൃകയാക്കിയാണ് പിന്നീട് തിരുവിതാംകൂറിൽ നൂൺമീൽ പദ്ധതി നടപ്പാക്കിയതെന്ന് അന്നത്തെ സർക്കാർ ഉത്തരവിൽ എടുത്തു പറയുന്നുണ്ട്. ചാവറയച്ചനോടാണ് ഇതിനു നാം കടപ്പെട്ടിരിക്കുന്നത്.

**9. സ്ത്രീ സമത്വം, ശക്തീകരണം**

സ്ത്രീകളുടെ വിദ്യാഭ്യാസത്തിനും അവകാശങ്ങൾക്കും ശക്തീകരണത്തിനും ചാവറയച്ചൻ മുൻകൈയെടുത്തു. പ്രശസ്തമായ സിഎംഐ സന്യാസ സഭയ്ക്കു പുറമേ സന്യാസിനികൾക്കായി സിഎംസി സഭ കൂടി സ്ഥാപിച്ചതു സ്ത്രീശക്തീകരണം കൂടി ലക്ഷ്യമിട്ടായിരുന്നു.

**10. വിനോദത്തിലൂടെ വിദ്യാഭ്യാസം**

ആധുനിക കാലത്തു സ്കൂളുകളിലൂടെയും ടെലിവിഷനിലൂടെയും പ്രചാരത്തിലുള്ള എജ്യൂക്കേഷൻ ത്രൂ എന്റർടെയിൻമെന്റ് (വിനോദത്തിലൂടെ വിദ്യാഭ്യാസം) ചാവറയച്ചൻ അക്കാലത്തു നടപ്പാക്കിയെന്നതും അതിനുള്ള ഉൾക്കാഴ്ച അദ്ദേഹത്തിന് ഉണ്ടായിരുന്നു എന്നതും അദ്ഭുതകരമാണ്. 10 ഇടയനാടകങ്ങളാണ് ചാവറയച്ചൻ അന്ന് എഴുതി സെമിനാരി വിദ്യാർഥികളെ കൊണ്ട് അവതരിപ്പിച്ചത്. ഇതിൽ അഞ്ചെണ്ണം അദ്ദേഹത്തിന്റെ തന്നെ കൈപ്പടയിൽ ലഭിച്ചിട്ടുണ്ട്.

**11. പ്രിന്റിംഗ് പ്രസിന്റെ സ്ഥാപനം**

1846ൽ മാന്നാനം ആശ്രമത്തോടനുബന്ധിച്ച് സെന്റ് ജോസഫ്സ് പ്രസ് സ്ഥാപിച്ചത് ചാവറയച്ചന്റെ ദീർഘവീക്ഷണവും നിശ്ചയദാർഢ്യവും വ്യക്തമാക്കുന്നതാണ്. നിധീരിക്കൽ മാണിക്കത്തനാരുടെ നേതൃത്വത്തിൽ പിന്നീട് 1887ൽ മലയാളത്തിലെ ആദ്യ ദിനപത്രമായ ദീപികയുടെ പിറവിക്കു കാരണമായതും ഇതേ മരപ്രസിന്റെ സ്ഥാപനമാണ്. കോട്ടയത്ത് സിഎംഎസ് പ്രസ് അക്കാലത്ത് ഉണ്ടായിരുന്നെങ്കിലും അതു കാണാൻ പോലും ചാവറയച്ചനെ അനുവദിച്ചില്ല. തിരുവനന്തപുരത്തു പോയി സർക്കാർ പ്രസ് കണ്ടാണു പ്രസിന്റെ ഒരു മാതൃക വാഴപ്പിണ്ടിയിൽ തീർത്തത്. പിന്നീട് ആശാരിയെ വിളിച്ചു തടിയിൽ ഉണ്ടാക്കി. തട്ടാനെ വിളിച്ച് അക്ഷരങ്ങളും ഉണ്ടാക്കിയെടുത്തു.

**12. ഖണ്ഡകാവ്യങ്ങളുടെ പിതാവ്**

ഖണ്ഡകാവ്യങ്ങളിൽ മലയാളത്തിൽ ആദ്യത്തേത് ചാവറയച്ചന്റേതാണ്. ഖണ്ഡകാവ്യ പ്രസ്ഥാനത്തിന്റെ പിതാവാണ് ചാവറയച്ചനെന്നു മുണ്ടശേരി മാസ്റ്റർ പറഞ്ഞിട്ടുണ്ട്. ചാവറയച്ചന്റെ നിരവധിയായ സാഹിത്യ സംഭാവനകൾ വിലപ്പെട്ടതാണ്. സുകുമാർ അഴീക്കോട് മുതൽ കാവാലം നാരായണപ്പണിക്കർ വരെയുള്ളവർ ചാവറയച്ചന്റെ സംഭാവനകളെ പ്രശംസിച്ചിട്ടുണ്ട്.

**13. പ്രകൃതിയുടെ തോഴൻ**

ഈച്ചരച്ചാരോടൊപ്പം പാടവരമ്പത്തു കൂടി നടക്കുന്നതു ചാവറയച്ചനു വലിയ ഇഷ്ടമായിരുന്നു. നടക്കുന്ന വഴികളിലുള്ള ഔഷധച്ചെടികളെക്കുറിച്ചും മറ്റും വിശദമായി അറിയാൻ ഒരു വൈദ്യനെയും കൂടെ കൊണ്ടുപോകുമായിരുന്നു. പ്രകൃതിയുടെ എല്ലാക്കാര്യങ്ങളും ചാവറയച്ചന് ഇഷ്ടമായിരുന്നു. സർവ ചരാചരങ്ങളും ദൈവത്തിന്റെ സൃഷ്ടിയാണെന്നതായിരുന്നു ദർശനം. ചാവറയച്ചന്റെ ഓർമയായി പ്രിയോർ മാങ്ങ എന്ന പേരിൽ സ്വാദിഷ്ടമായ മാങ്ങ പോലും ഉണ്ടായത് പ്രകൃതിയോടുള്ള അദ്ദേഹത്തിന്റെ ഇഷ്ടത്തിന്റെ ബാക്കിപത്രമാണ്.

**14. പരിശ്രമശാലിയും സംരംഭകനും**

നൂറ്റാണ്ടിനു മുമ്പ് ഇന്ത്യ കണ്ട ഏറ്റവും നല്ലയൊരു കഠിനാധ്വാനിയും പരിശ്രമശാലിയും സംരംഭകനുമായിരുന്നു ചാവറയച്ചൻ. ഒരു സമയത്തു നൂറു കാര്യം ഏറ്റെടുക്കാനും അവയെല്ലാം വിജയകരമായി പ്രാവർത്തികമാക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. പള്ളികളും സ്കൂളുകളും മുതൽ പ്രിന്റിംഗ് പ്രസ് വരെ അമൂല്യങ്ങളായ ഒട്ടനവധി കാര്യങ്ങളാണു ചാവറയച്ചന്റെ മികവിൽ ലോകത്തിനു കിട്ടിയത്. അക്കാലത്തു സഹകരണ സംഘം തുടങ്ങാനും ചാവറയച്ചനു ദീർഘവീക്ഷണമുണ്ടായി.

**15. നിഷ്കാമകർമി**

ഭഗവത് ഗീതയിൽ പറയുന്നതു പോലെയായിരുന്നു ചാവറയച്ചൻ.

'കർമണ്യേവാധികാരസ്തേ
മാ ഫലേഷു കദാചന
മാ കർമ ഫലഹേതുർ ഭൂഃ
മാ തേ സംഗോസ്ത്വകർമണി'

കർമം ചെയ്യുന്നതിനു മാത്രമേ നിനക്ക് അധികാരമുള്ളൂ. ഒരിക്കലും നീ ഫലത്തെ ഉദ്ദേശിക്കരുത് എന്നതായിരുന്നു ചാവറയച്ചന്റെ നിലപാട്. തന്നെ ദ്രോഹിച്ചവരോടു മറക്കാനും പൊറുക്കാനും പ്രതിഫലം നോക്കാതെ, നിലപാടുകളിൽ പിന്നോക്കം പോകാതെ, നിശ്ചയദാർഢ്യത്തോടെ തന്റെ കടമകളും ബോധ്യങ്ങളും നിർവഹിച്ച മഹാനായിരുന്നു ചാവറയച്ചൻ. സുസ്ഥിര വികസനത്തിനു ചാവറയച്ചൻ നൽകിയ സംഭാവനകൾ വലുതാണ്. എറണാകുളത്തെ ചാവറ കൾചറൽ സെന്ററിന് ഐക്യരാഷ്ട്രസഭയുടെ അക്രഡിറ്റേഷൻ (കൺസൾട്ടേഷൻ സ്റ്റാറ്റസ്) കിട്ടിയത് അംഗീകാരത്തിന്റെ തുടക്കമാണ്.

ലാളിത്യമുള്ള അടുത്ത വീട്ടിലെ പുണ്യാളനായിരുന്നു ചാവറയച്ചൻ. 'God next door' എന്ന പ്രയോഗം പോലെ. സാധാരണക്കാരനെ പോലെ ജീവിച്ച് അസാധാരണമായ കാര്യങ്ങൾ വിശുദ്ധിയോടെ ചെയ്തയാൾ.



# സഭയെ പടുത്തുയർത്തിയ വളർത്തുപിതാവ്

വിശുദ്ധ ചാവറ 150-ാം ഓർമത്തിരുന്നാൾ



റവ.ഡോ. പോൾ ആച്ചാണ്ടി
സിഎംഐ പ്രിയോർ ജനറൽ

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, കേരളസുറിയാനി കത്തോലിക്കരുടെ ഏക മഹത്വവും മേൽവിലാസവും മാർ തോമാശ്ലീഹാ സമ്മാനിച്ച വിശ്വാസപൈതൃകം മാത്രമായിരുന്നു. ഒരു അപ്പസ്തോലിക സഭയുടെ ഓജസും തീക്ഷ്ണതയും നഷ്ടപ്പെട്ട് ആത്മീയ പാപ്പരത്തം അനുഭവിച്ച, എല്ലാ മേഖലകളിലും പിന്തള്ളപ്പെട്ട ഒരു സഭാസമൂഹമായിരുന്നു അവർ. ജന്മസിദ്ധമായ മലയാളിയുടെ വിഭാഗീയ ചിന്താഗതിയും കൂട്ടായ്മരാഹിത്യവും അതോടൊപ്പം വിദേശാധിപത്യവും ഏറിയകുറവുകൾക്കും വീഴ്ചകൾക്കും കാരണമായി. ഇപ്രകാരം ഇരുളടഞ്ഞ മലയാളക്കരയ്ക്ക് ആത്മീയ നേതൃത്വം പകരാൻ ദൈവം തെരഞ്ഞെടുത്ത ഭാരതത്തിന്റെ വീരപുത്രനാണ് വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ്.

സന്യാസത്തിന്റെ ലേബലിൽ അറിയപ്പെടുന്ന ആർഷഭാരതത്തിൽ ഒരു കത്തോലിക്ക സന്യാസസഭയില്ല എന്നുള്ളത് പ്രാദേശികസഭയുടെ ആത്മീയ അനാരോഗ്യത്തിന്റെ ലക്ഷണമായിരുന്നു. ഫ്രാൻസിസ് പാപ്പാ പറയുന്നു, സന്യസ്തരില്ലാത്ത ഒരു സഭയെക്കുറിച്ച് എനിക്ക് ചിന്തിക്കാൻ കഴിയുന്നില്ല എന്ന്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ സമർപ്പിതജീവിതം എന്ന അപ്പസ്തോലിക പ്രബോധനത്തിൽ പറയുന്നു, സന്യാസത്തിന്റെ സ്ഥാനം സഭയുടെ വഴിവക്കിലല്ല, പിന്നെയോ ഹൃദയത്തിലാണ് എന്ന്. സന്യാസം സഭയ്ക്ക് ജീവരക്തം പകരുന്ന ധമനികളാണ്. സന്യാസത്തിന്റെ ശ്രേഷ്ഠഫലങ്ങൾ കേരളക്കരയ്ക്ക് അന്യമായ സാഹചര്യത്തിലാണ് സിഎംഐ സഭാപിതാക്കന്മാർ സന്യസിക്കാനായി നാടുവിട്ടിറങ്ങാൻ ചിന്തിക്കുന്നത്. വൈദികർക്കുപോലും ഒരു തപസുഭവനമില്ല എന്നുള്ളത് വലിയ പോരായ്മയായിട്ടാണ് അവർ കണ്ടത്. ആത്മരക്ഷാർഥം വനവാസത്തിനുപോകാനനുവാദം ചോദിച്ച സിഎംഐ സഭാ സ്ഥാപകരോട് മൗറീലിയൂസ് സ്തബലിനി മെത്രാൻ പറഞ്ഞു: “അല്പം വല്ലതും തിരിയുന്ന നിങ്ങൾ ഒന്നുരണ്ടുപേരുള്ളത് മിണ്ടടക്കമായ് വല്ലയിടത്തും ഒതുങ്ങിപ്പാർത്താൽ പിന്നെ ലോകരെ പഠിപ്പിക്കാൻ ആര്? അതുകൊണ്ട് ഒരു കൊവേന്തവെപ്പിൻ”. അങ്ങനെയാണ് കൊവേന്തപ്പട്ടക്കാർ കേരളക്കരയിൽ ജന്മം കൊണ്ടത്. അറിവില്ലാത്തവർക്ക് കണ്ടുപഠിത്തം കൊടുപ്പാനും, മനസാകപെട്ടവരെ ചേർക്കാനും ചെതറപ്പെട്ടവരെ കൂട്ടുവാനും പള്ളിയുടെ തെളിവിനും രാജിതങ്ങളുടെയും ലോകമാതൊക്കെയുടെയും നിരപ്പിനും, കണ്ണുകാട്ടപ്പെട്ട നന്മകളൊക്കെ ചെയ്യുവാനും 1829 വൃശ്ചികം ഒന്നാം തീയതി കൊടുത്ത അനുവാദ പത്രികയിൽ മൗറീലിയൂസ് മെത്രാൻ കുറിച്ചു.

അപ്രകാരം സഭയ്ക്കുമാത്രമല്ല രാഷ്ട്രത്തിനും ലോകത്തിനുമുഴുവനും കാലോചിതമായ ഏതുനന്മയും ഏതുകാലത്തും ചെയ്യാനുള്ള ഒരു mandate ആണ് സിഎംഐ സന്യാസസഭയ്ക്കു ലഭിച്ചത്. ദൈവതിരുമനസ് നടക്കും നടത്തും എന്നുറച്ചു സന്യാസതീർഥയാത്ര സമാരംഭിച്ച ചാവറയച്ചൻ തിരുസഭയുടെ നവീകരണത്തിനും നിർമാണത്തിനും, വളർച്ചയ്ക്കും ഊന്നൽ കൊടുത്ത് ആത്മരക്ഷയ്ക്കും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി ഭാരതത്തിലെ ഏതദ്ദേശീയ സന്യാസസഭ വളർത്തിയെടുത്തു.കേരളസഭയുടെ രണ്ടാം ജന്മം സാധ്യമാക്കിയ സുറിയാനി സഭയുടെ വളർത്തുപിതാവായ ചാവറയച്ചന്റെ എല്ലാ പ്രവർത്തനങ്ങളുടെയും അടിസ്ഥാനപ്രമേയം sentire cum ecclesia, സഭയോടൊത്തു ചിന്തിക്കുക എന്നുള്ളതായിരുന്നു. സഭയെ രണ്ടാനമ്മയായിക്കണ്ടു മാറിനിന്നു വിമർശിച്ചല്ല, സഭയുടെ അഭിമാനമുള്ള മകനായി, സഭയാകുന്ന അമ്മയ്ക്കു കരുത്തും മനോഹാരിതയും പകരുകയാണ് ആ വളർത്തുപിതാവ് ചെയ്തത്. സഭയെ മാറ്റിനിർത്തി ചാവറയച്ചനെയോ, ചാവറയച്ചനെ മാറ്റിനിറുത്തി നാമിന്നു കാണുന്ന കേരള, ഭാരത കത്തോലിക്കാ സഭയെയോ ചിന്തിക്കാനാകില്ല.

## മാന്നാനത്തെ സെമിനാരി

ചാവറപ്പിതാവും സിഎംഐ സന്യാസസമൂഹവും സഭയുടെ രക്ഷയ്ക്കും വളർച്ചയ്ക്കുമായി ഒന്നാമതായി തീരുമാനിച്ചത് ഉത്തമരായ വൈദികരെ വാർത്തെടുക്കാനായിരുന്നു. അറിവില്ലാത്ത വൈദികൻ തന്റെ മാത്രമല്ല ദൈവജനത്തിന്റെയും ആത്മരക്ഷയ്ക്കും തടസമാകും എന്ന തിരിച്ചറിവ് ചാവറയച്ചനുണ്ടായിരുന്നു. പരിതാപകരമായ നിലയിലായിരുന്നു അക്കാലത്തെ സെമിനാരി പരിശീലനം. സെമിനാരികളിൽപോലും വേർതിരിവുണ്ടായിരുന്നു. “മലബാർ സഭാംഗങ്ങളായ വൈദികർക്ക് എങ്ങനെ പ്രാർഥിക്കാം, എങ്ങനെ കുർബ്ബാന ചൊല്ലാം, എങ്ങനെ കുമ്പസാരിപ്പിക്കാം, പാപമോചനം നൽകാം എന്ന അറിവുകൾ തന്നെ ധാരാളമാണ്. കൂടുതൽ അറിവ് അവരെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട കാര്യമല്ല. നമ്മൾ അവരെ കാര്യമായി എന്തെങ്കിലും പഠിപ്പിച്ചാൽ അതവരെ അഹങ്കാരികളും ദുരഭിമാനികളുമാക്കും. അവർ പിന്നെ നമ്മളെ ബഹുമാനിക്കാതാകും” ഇതായിരുന്നു ചില വിദേശ അധികാരികളുടെ മനസിലിരിപ്പ്. ഇത്തരം പശ്ചാത്തലത്തിലാണ് ചാവറയച്ചനും ആദ്യപിതാക്കന്മാരും മെച്ചപ്പെട്ട വൈദിക പരിശീലനത്തിനായി മാന്നാനത്ത് സെമിനാരി തുടങ്ങുന്നത്.

ജോൺ പോൾ രണ്ടാമൻ പാപ്പാ ഊന്നൽ കൊടുത്ത മാനുഷിക പരിശീലനവും, ഫ്രാൻസിസ് പാപ്പാ വളരെയധികം ശ്രദ്ധ വയ്ക്കുന്ന അജപാലന പരിശീലനവും, കാലാകാലങ്ങളായി വികസിപ്പിച്ചെടുത്ത ആത്മീയ പരിശീലനവും ബൗദ്ധിക പരിശീലനവും ചാവറയച്ചന്റെ പരിശീലന കളരിയിൽ കാണാം. അടുക്കും ചിട്ടയും സമയക്രമങ്ങളും കുടുംബ ചട്ട ശൈലിയിൽ ചാവറ സെമിനാരിയിലും ഇടം കണ്ടെത്തി. ഇത്തരം ഒരു സമഗ്ര പരിശീലന പദ്ധതി ഫലം കണ്ടു. റോക്കോസ്, മേലൂസ് ശീശ്മകളുടെ കാലത്തു തിരിച്ചറിഞ്ഞു. ചാവറയച്ചന്റെ ശിഷ്യർക്ക് ഇടവകയേയും സമൂഹത്തെയും സ്വാധീനിക്കാൻ മറ്റു വൈദികരേക്കാളും കഴിഞ്ഞിരുന്നു. നാട്ടുമെത്രാന്മാർക്കുവേണ്ടി സുധീരം പോരാടിയവർ അവരായിരുന്നു. സീറോമലബാർ സഭയ്ക്കു സ്വന്തമായ ഒരു നേതൃത്വമോ ആസ്ഥാനമോ ഇല്ലാതിരുന്ന കാലത്തു സഭയുടെ കേന്ദ്രമായി പ്രവർത്തിച്ചിരുന്നത് മാന്നാനം ആശ്രമം ആയിരുന്നു. സഭയുടെ മുന്നണിപ്പോരാളികൾ ചാവറ ശിഷ്യന്മാരായ സന്യാസവൈദികരും. വിസ്തൃതമായ കേരളസഭയുടെ ആവശ്യങ്ങൾക്ക് മാന്നാനം സെമിനാരി പര്യാപ്തമല്ലെന്നു കണ്ടതിനാൽ വരാപ്പുഴനിന്നുള്ള കല്പനപ്രകാരം കൊവേന്തകളോടുചേർന്ന് 1866 -ൽ വാഴക്കുളത്തും 1869-ൽ എൽത്തുരുത്തിലും ഓരോ സെമിനാരി സ്ഥാപിക്കുകയുണ്ടായി.

വൈദിക വിദ്യാർഥികളുടെ പരിശീലനത്തിൽ മാത്രമല്ല, വൈദികരുടെ തുടർപരിശീലനത്തിലും ചാവറയച്ചൻ ശ്രദ്ധിച്ചു. അതിനായി പുരോഹിതർക്കായി ധ്യാനവും; ഭക്തിയോടെ ക്രമത്തോടെ ബലിയർപ്പിക്കാൻ ചാവറയച്ചൻ എഴുതി ഉണ്ടാക്കിയ തൂക്കാസ (ആരാധനക്രമം)യും അതിന്റെ പരിശീലനവും വൈദികർക്കായുള്ള യാമപ്രാർഥനകളുടെ ക്രോഡീകരണവും അതിന്റെ നിർദ്ദേശങ്ങളും ചാവറപ്പിതാവിന്റെ സംഭാവനകളാണ്. അങ്ങനെ വൈദിക കൂട്ടായ്മയും സഭയിലെ ഐകമത്യവും ശക്തമാക്കാൻ ചാവറയച്ചൻ വികാരി ജനറാളായപ്പോൾ പരിശ്രമിച്ചു.

## വചനം ഭക്ഷണവും പാനീയവുമാക്കിയ വിശുദ്ധ ചാവറ

ദൈവജനത്തിന്റെ വിശ്വാസ പരിശീലനത്തിനും പരിപോഷണത്തിനും സംരക്ഷണത്തിനും ആത്മീയ നവോത്ഥാനത്തിനും സമർപ്പിതമായിരുന്നു ചാവറ ജീവിതം. വചനം ഭക്ഷണവും പാനീയവുമാക്കിയ വിശുദ്ധ ചാവറ, ദൈവജനത്തെ ശക്തീകരിക്കാൻ തുടങ്ങിയ ഞായറാഴ്ച പ്രസംഗം, തിരുനാൾ പ്രസംഗം, വാർഷിക ധ്യാനം, വലിയ ആത്മീയ ഉണർവ് പകർന്നു. വിശുദ്ധകുർബാനയോട് അനിതരസാധാരണമായ ഭക്തിയുണ്ടായിരുന്ന ചാവറയച്ചൻ, അനുദിന ദിവ്യബലിയിൽ കുടുംബത്തിൽ ഒരാളെങ്കിലും പങ്കെടുക്കുന്ന ശീലം (ചാവരുൾ), ദിവ്യകാരുണ്യ വിസീത്ത, ആരാധന, നാൽപതുമണി ആരാധന എന്നിവ പ്രോത്സാഹിപ്പിച്ചു. വിശുദ്ധരോടുള്ള ഭക്തി, തിരുക്കുടുംബത്തോടുള്ള ഭക്തി, പരിശുദ്ധ അമ്മയോടും വിശുദ്ധ യൗസേപ്പിതാവിനോടുമുള്ള വണക്കം, കുരിശിന്റെ വഴി, വണക്കമാസം തുടങ്ങിയവ മാതൃഭാഷയിൽ ആരാധനക്രമമോ, വിശുദ്ധ ഗ്രന്ഥമോ ഒന്നും ഇല്ലാത്ത കാലത്തു സാധാരണക്കാരന്റെ വിശ്വാസത്തെ പിടിച്ചുനിർത്തിയ കാര്യങ്ങളാണ്. ഫ്രാൻസിസ് പാപ്പാ ഇക്കാലത്തും ഭക്താഭ്യാസങ്ങളെ ദൈവജനത്തിന്റെ ലിറ്റർജിയായി പ്രോത്സാഹിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നുണ്ട്. കുടുംബത്തിലൂടെ തിരുസഭാനവീകരണം സ്വപ്നം കണ്ട ചാവറപ്പിതാവിന്റെ വലിയ സംഭാവനയാണ് കേരളത്തിലെ കുടുംബ പ്രാർഥന സംസ്കാരം. ശരീരത്തിനടുത്ത ആഹാരം കൊടുക്കുന്നകൂടെ ആത്മാവിനടുത്ത ആഹാരവും കൊടുക്കണം. ചാവരുളിലെ ചാവറ നിർദേശങ്ങൾ ഒരു ഉത്തമ കത്തോലിക്കാ കുടുംബത്തെ വാർത്തെടുക്കാനുള്ളതായിരുന്നു.

ഇടയനില്ലാത്ത ആടുകളെപ്പോലെ പരിഭ്രാന്തരായ ഒരു സമൂഹമായിരുന്നു സ്വന്തമായ വൈദിക നേതൃത്വമോ, മെത്രാനോ, ഹയരാർക്കിയോ ഇല്ലാതിരുന്ന സീറോമലബാർ സഭ. യൂറോപ്പിൽനിന്നും ബാബേലിൽനിന്നുമുള്ള മെത്രാന്മാർ ഒരു അപ്പസ്തോലിക സഭയുടെ വളർച്ചയ്ക്കുള്ള പരിഹാരമായിരുന്നില്ല. ഇടയന് ആടുകളുടെ മണമുണ്ടാകാൻ അവരുടെ ഭാഷയും സംസ്കാരവും അറിയണം. അതിനായി ആടുകളുടെ മണമുള്ള സ്വജാതീയ മെത്രാന്മാർക്കായി ചാവറയച്ചൻ റോമിലേക്കെഴുതി. ഇവിടത്തെ പ്രശ്നപരിഹാരത്തിന് ഏകവഴി ഓരോ റീത്തിലും പ്രത്യേകം മെത്രാന്മാരെന്ന പ്രായോഗിക നിർദേശമായിരുന്നു ചാവറയച്ചൻ കൊടുത്തത്. പിന്നീട് ചാവറയച്ചന്റെ അനുയായികൾ ഏഴു വ്യാകുലങ്ങളായി വിലകൊടുത്തു കിട്ടിയതാണ് ഇന്നത്തെ ആനുകൂല്യങ്ങളനുഭവിക്കുന്ന സീറോമലബാർ സഭ. റോക്കോസിന്റെ വരവോടെ കേരളത്തിലുണ്ടാക്കിയ വിശ്വാസപ്രതിസന്ധിക്കു ബാച്ചിനെല്ലി മെത്രാൻ കണ്ടെത്തിയത് ചാവറപ്പിതാവിനെ സുറിയാനിക്കാരുടെ വികാരി ജനറാൾ ആക്കുക എന്നുള്ളതായിരുന്നു. ഭാഗ്യസ്മരണാർഹനായ സീറോ മലബാർ സഭയുടെ മുൻ മേജർ ആർച്ച്ബിഷപ് മാർ വർക്കി വിതയത്തിൽ കൃതജ്ഞതയോടെ പറയുമായിരുന്നു, സീറോ മലബാർ സഭയുടെ ഇന്നത്തെ വളർച്ചയ്ക്ക് അടിസ്ഥാനമിട്ടത് സഭയുടെ പ്രഥമ പൊതു വികാരി ജനറാളായ ചാവറപ്പിതാവാണെന്ന്.

## പള്ളിക്കൊപ്പം പള്ളിക്കൂടം

ചാവറപ്പിതാവിന്റെ വികാരി ജനറാളായുള്ള നിയമനം സഭയുടെ വിശ്വാസസംരക്ഷണത്തിനും സർവ മേഖലകളിലുമുള്ള വളർച്ചയ്ക്കും വികസനത്തിനും കാരണമായി. പള്ളിക്കൊപ്പം പള്ളിക്കൂടം കേരളക്കരയുടെ വിദ്യാഭ്യാസ സാമൂഹിക വിപ്ലവത്തിന് തിരികൊളുത്തി. സ്ത്രീശക്തീകരണവും ഉപവിശാലയും വഴി ഏവരേയും ദൈവപിതാവിന്റെ മക്കളായി കാണുന്ന സാഹോദര്യത്തിന്റെ സ്നേഹവിപ്ലവമായിരുന്നു ചാവറയച്ചൻ നയിച്ചത്. പ്രതിസന്ധിഘട്ടങ്ങളിൽ പതറാതെ മുന്നിൽനിന്നു നയിച്ച് കേരളക്കരയുടെ ആത്മീയ നവോത്ഥാനത്തിനും സമഗ്ര പരിവർത്തനത്തിനും കൊടിപിടിച്ച ചാവറയച്ചനെ സീറോ മലബാർ സഭയുടെയും കേരളസഭയുടെയും പിതാവെന്നുവിളിക്കുന്നതു തികച്ചും ന്യായവും യുക്തവുമാണ്. പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളസഭയുടെ ഉയർച്ച ചാവറയച്ചന്റെ പ്രവർത്തനഫലമാണെന്ന് പണ്ഡിതനായ പ്ലാസിഡ് പൊടിപാറയച്ചൻ രേഖപ്പെടുത്തുന്നു. തിരുസഭയെ സ്നേഹിച്ചു സഭയുടെ സംരക്ഷണത്തിനും വളർച്ചയ്ക്കും ഐക്യത്തിനും വേണ്ടി ജീവിതം സമർപ്പിച്ച തിരുസഭയുടെ വിശ്വസ്ത ശുശ്രൂഷിയും വഴികാട്ടിയുമാണ് ചാവറപ്പിതാവ്. ഈ വന്ദ്യപിതാവിന്റെ മരണത്തിന്റെ 150 തികയുന്ന ഈ ജൂബിലി വർഷം ചാവറക്കാലത്തിന്റെ ഓർമകൾ സ്വന്തമാക്കി നമ്മുടെ സങ്കുചിതലോകംവിട്ടു സഭയും രാഷ്ട്രവും മനുഷ്യകുടുംബവും എന്ന വലിയ കൂട്ടായ്മയ്ക്കുവേണ്ടി നമുക്ക് സമർപ്പിതരാകാം.



ലൈറ്റ് ഓൺ ദി ബേബീസ് ഹൊറൈസൺ' എന്ന പുസ്തകത്തിനായി പോൾ കല്ലനോട് വരച്ച ചിത്രം.

# സിഎംസി സന്യാസിനീ സമൂഹസ്ഥാപനവും സ്ത്രീശക്തീകരണവും



സിസ്റ്റർ സിബി സിഎംസി,
സുപ്പീരിയർ ജനറൽ

സുകൃതദീപ്തമായ പ്രഭാവലയങ്ങളാൽ ഒരു കാലഘട്ടത്തെ ആപാദചൂഡം പ്രകാശമാനമാക്കി ആ അനശ്വരതേജസിനാൽ കാലദേശാദിസീമകളെ ഉല്ലംഘിച്ച ഒരു മഹാവ്യക്തിയാണ് വിശുദ്ധ ചാവറ കര്യാക്കോസ് ഏലിയാസച്ചൻ. തൃണസമാനമായ ജീവിതത്തെ ഈശ്വരോപാസനയാൽ അനശ്വരമാക്കി ആ അനശ്വരതയുടെ ചിനപ്പുകൾ സ്വകർമത്താൽ മാനവഹൃദയങ്ങളിൽ തെളിയിച്ച് താൻ ഉൾപ്പെട്ട ലോകത്തിന് ആദ്ധ്യാത്മിക പ്രഭാപൂരം വർഷിച്ച മഹാവ്യക്തിത്വങ്ങളിൽ അദ്വിതീയനാണ് അദ്ദേഹം. തന്റെ 65 വർഷത്തെ ജീവിതത്തിനിടയിൽ ആത്മീയവും ഭൗതികവുമായ സത്ഫലങ്ങൾ ഉളവാക്കുന്ന അനേകം പ്രവർത്തനങ്ങൾക്ക് ആരംഭം കുറിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അവയിൽ വച്ച് ഏറെ ദൂരവ്യാപകമായ ഫലം ഉളവാക്കിയ ഒരു കാര്യമാണ് സ്ത്രീകൾക്കായി 1866 ഫെബ്രുവരി 13-ന് ഇറ്റാലിയൻ മിഷനറിയായിരുന്ന ലെയോപ്പോൾദ് ബക്കാറൊ എന്ന കർമ്മലീത്താവൈദികന്റെ സഹകരണത്തോടെ സ്ഥാപിച്ച കന്യാസ്ത്രീമഠം. ഏറിയനാൾ മുൻപിനാലെ സത്യവേദം നടന്നുവരുന്ന ഈ മലയാളത്തിൽ കൊവേന്തകളും കന്യാസ്ത്രീമഠങ്ങളും ഉണ്ടാകാതെയും ഈ പുണ്യങ്ങളുടെ കേൾവിയല്ലാതെ ഒരു നല്ല പുണ്യ കണ്ടുപഠിത്തവും കൂടാതെയും ... സ്ത്രീവർഗത്തിന് വിവാഹം കൈക്കൊണ്ട് സംസാരികൾ ആക എന്നല്ലാതെ കന്നിത്വം കാത്തിരിപ്പാൻ മനസുള്ളവരുണ്ടായാലും ആയതിന് ഒരു പോംവഴിയും നൃവാഹം കൂടാതെ ഈ ദുഃഖത്തിൽത്തന്നെ ദീർഘകാലമായി നടന്നുവന്ന...” എന്നുള്ള ചാവറയച്ചന്റെ ദുഃഖത്തിന് ശമനം വന്നത് സ്ത്രീകൾക്കായുള്ള ഈ ആദ്യസന്യാസിനീഭവനം കൂനമ്മാവിൽ സ്ഥാപിച്ചപ്പോഴാണ്.

## പെൺപൈതങ്ങൾക്ക് ഒരു പുണ്യസങ്കേതം

സ്ത്രീജന്മത്തെ ഒരു ഭാരമായോ, ബാദ്ധ്യതയായോ, ശാപമായോ, ദുഃഖമായോ കണ്ടിരുന്ന 19-ാം നൂറ്റാണ്ടിന്റെ സാമൂഹിക-സാംസ്കാരിക പശ്ചാത്തലത്തിൽ സ്ത്രീത്വത്തിന് മഹത്വവും ദൗത്യവും ഉണ്ടെന്നും, പരിഗണനയും പരിശീലനവും നല്കിയാൽ അവർ ശക്തിയും മുക്തിയും പ്രാപിച്ച് മാനവരാശിയുടെ തന്നെ സമ്പന്നതയ്ക്കും സാഫല്യത്തിനും ഹേതുവാകുമെന്നും സ്വമാതാവിന്റെ ജീവിതശൈലിയിലൂടെ ചാവറപ്പിതാവ് തിരിച്ചറിഞ്ഞു. ഈ തിരിച്ചറിവാണ് മലയാളത്തിലെ പെൺപൈതങ്ങൾക്ക് ഒരു പുണ്യസങ്കേതവും വേദകാര്യങ്ങളെ പഠിക്കുന്നതിനും നല്ല ക്രിസ്ത്യാനിപ്പൈതങ്ങളായി വളരുന്നതിനും ഒരു കന്യാസ്ത്രീമഠം ഉണ്ടാക്കുവാൻ” അദ്ദേഹത്തെ പ്രേരിപ്പിച്ചത്. വേദകാര്യങ്ങളുടെ പഠനം, വിശ്വാസരൂപീകരണം, വിദ്യാഭ്യാസം, തൊഴിലഭ്യസനം എന്നിവയിലൂടെ ആദ്ധ്യാത്മികവും ഭൗതികവുമായ തലങ്ങളിൽ സ്ത്രീസമുദ്ധാരണ-ശക്തീകരണ പ്രവർത്തനങ്ങൾക്ക് അദ്ദേഹം പദ്ധതിയൊരുക്കി. വൈധവ്യത്തെ ശാപമായി കരുതിയിരുന്ന ആ കാലഘട്ടത്തിൽ, ശിഷ്ടകാലം കന്യകാത്വം കാത്ത് ജീവിക്കാൻ ആഗ്രഹിച്ചിരുന്ന രണ്ട് വിധവകളേയും നാട്ടുനടപ്പനുസരിച്ച് സർവ്വസാധാരണമായ വിവാഹജീവിതം വേണ്ടെന്നുവച്ച് കന്യകാത്വം കാത്ത് ജീവിക്കാൻ ആഗ്രഹിച്ചിരുന്ന രണ്ട് യുവതികളേയും ചേർത്ത് ആദ്യ കന്യാസ്ത്രീമഠത്തിന് ആരംഭമിട്ടപ്പോൾ സ്ത്രീസമുദ്ധാരണത്തിനും ശക്തീകരണത്തിനുമുള്ള കാഹളം മുഴങ്ങുകയായി; വാതിൽ തുറക്കപ്പെടുകയായി. അവരുടെ ആത്മകാര്യങ്ങൾ വെടിപ്പായി നടക്കുന്നതുകൂടാതെ നമസ്കാരം മുതലായ പുണ്യങ്ങളും കുസ്തൂരമുതലായ കൈവേലകളും പഠിപ്പിക്കണം” എന്ന് തീരുമാനിച്ച് ആദ്ധ്യാത്മികവും ഭൗതികവുമായ ഉന്നമനത്തിനുതകുന്ന പരിശീലനവും അവർക്ക് അവിടെ നല്കപ്പെട്ടു. ക്രിസ്തീയ വിശ്വാസത്തിൽ അവരെ ആഴപ്പെടുത്തുന്നതിനും, എഴുത്തും വായനയും പഠിപ്പിക്കുന്നതിനും വിവിധ ഭാഷകൾ പഠിപ്പിക്കുന്നതിനും കൈവേലകളായ തയ്യൽപണി, റേന്തപണി, കൊന്തകെട്ട്, അലങ്കാരപ്പണികൾ, തോട്ടപ്പണികൾ തുടങ്ങിയ തൊഴിൽപരമായ പഠനങ്ങളും പരിശീലനങ്ങളും അവർക്കു നല്കുന്നതിനും അദ്ദേഹം ഔത്സുക്യം പ്രദർശിപ്പിച്ചു.

## സ്ത്രീവർഗത്തിന്റെ സമുദ്ധാരണം

കന്യാസ്ത്രീമഠംവഴി കന്യാസ്ത്രീകളാകുന്നവരുടെ ആത്മീയകാര്യങ്ങൾ ഭംഗിയായിട്ടു നടത്തുക എന്നതു മാത്രമായിരുന്നില്ല ചാവറയച്ചന്റെ ലക്ഷ്യം; പിന്നെയോ സമർപ്പിതരായ സ്ത്രീകളിലൂടെ സ്ത്രീവർഗത്തെ സമുദ്ധരിക്കുക എന്നതായിരുന്നു. ഈ ലക്ഷ്യം സഫലമാക്കാൻ, കന്യാസ്ത്രീമഠസ്ഥാപനത്തെത്തുടർന്ന് ആത്മീയമായി മാത്രമല്ല, ബൗദ്ധികമായും സാംസ്കാരികമായും സമ്പന്നമായ ഒരു സ്ത്രീസമൂഹത്തെ രുപപ്പെടുത്തിയെടുക്കാൻ, ഗുരുകുലവിദ്യാഭ്യാസംപോലെ പെൺകുട്ടികളെ മഠത്തിന്റെ പശ്ചാത്തലത്തിൽത്തന്നെ താമസിപ്പിച്ച് പെൺകുട്ടികൾക്ക് വ്യവസ്ഥാപിതമായ വിദ്യാഭ്യാസവും സമഗ്രമായ പരിശീലനവും നല്കാൻ, എദുക്കുന്താത്തിനാണ് (ബോർഡിംഗ്) പിന്നീട് രൂപം കൊടുത്തത്. വിദൂരങ്ങളിൽനിന്നുപോലും പെൺകുട്ടികൾ അവിടെ വന്നു താമസിച്ചു പരിശീലനം നേടി.

## തൊഴിലധിഷ്ഠിതവിദ്യാഭ്യാസം

എല്ലാവരേയും കന്യാസ്ത്രീകളാക്കുക എന്നതായിരുന്നില്ല ബോർഡിംഗ് സ്കൂളിലെ പരിശീലനത്തിന്റെ ലക്ഷ്യം. പ്രത്യുത നല്ല വിശ്വാസചൈതന്യമുള്ള, സമഗ്രവ്യക്തിത്വമുള്ള കുടുംബിനികളെ രൂപപ്പെടുത്തുക എന്നതു കൂടിയായിരുന്നു. കന്യാസ്ത്രീകളാകാൻ വന്നവരെ പഠിപ്പിച്ചിരുന്ന ആത്മികവും വിദ്യാഭ്യാസപരവും തൊഴിൽപരവുമായ കാര്യങ്ങൾ ബോർഡിംഗിലെ കുട്ടികളെയും പഠിപ്പിക്കാനും പിതാക്കന്മാർ നിഷ്കർഷിച്ചിരുന്നു. തൊഴിലധിഷ്ഠിതവിദ്യാഭ്യാസം ഈ 21-ാം നൂറ്റാണ്ടിലും വേണ്ടത്ര യാഥാർഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല എന്നതു മനസിലാകുമ്പോഴാണ് ചാവറയച്ചന്റെ ദീർഘവീക്ഷണവും ഉൾക്കാഴ്ചയും വ്യക്തമാകുന്നത്. സാമ്പത്തികമായി പിന്നോക്കം നിന്നിരുന്ന ഒരു ജനവിഭാഗത്തെ സ്വയം പര്യാപ്തതയിലെത്തിക്കാൻ, അലസരായി വീടുകളിൽ കഴിഞ്ഞിരുന്നവരെ അദ്ധ്വാനശീലരാക്കി സ്വന്തംകാലിൽ നില്ക്കാൻ പഠിപ്പിക്കാൻ, അതിലുപരി സ്വന്തം വീടിന്റെ നാലുഭിത്തികൾക്കുള്ളിൽ ഒതുങ്ങിക്കൂടിയിരുന്ന സ്ത്രീകളെ പൊതുരംഗത്തേക്കാനയിക്കാൻ തക്കവിധം അവരെ സാംസ്കാരികപ്രബുദ്ധതയുള്ളവരാക്കാൻ, നല്ല കുടുംബിനികളെ വാർത്തെടുക്കാൻ, വിവരവും വിദ്യാഭ്യാസവും നല്കി അവരുടെ ആത്മാഭിമാനം വളർത്താൻ, കന്യാസ്ത്രീകൾതന്നെ അതിന് ആദ്യം പ്രാപ്തരാകണമെന്നും പെൺകുട്ടികളെ അതിനവർ പ്രാപ്തരാക്കണമെന്നും അദ്ദേഹം ഉദ്ദർശനം ചെയ്തിരുന്നു. പരിശീലനം സ്വീകരിക്കുകയും സ്വീകരിച്ചവ ഉടൻതന്നെ പങ്കുവയ്ക്കുകയും ചെയ്തുകൊണ്ട് സിസ്റ്റേഴ്സ് സന്യാസപരിശീലനവും പ്രേഷിതപരിശീലനവും ഒന്നിച്ചു നേടുകയായിരുന്നു. അങ്ങനെ സമർപ്പിതരായ കന്യാസ്ത്രീകളിലൂടെ സാധാരണ സ്ത്രീകളുടെ സമുദ്ധാരണവും ശക്തീകരണവും എന്ന അദ്ദേഹത്തിന്റെ ദർശനം ഭാരതസഭയിൽ ഒരു യാഥാർഥ്യമായി.

## പടർന്നു പന്തലിച്ച സിഎംസി

കൂനമ്മാവിലാരംഭിച്ച സമർപ്പിതസമൂഹത്തിന്റെ പിൻതുടർച്ചക്കാരായ സിഎംസി സന്യാസിനികളുടെ സാന്നിദ്ധ്യം ഇന്ന് കേരളത്തിലും ഇന്ത്യയിലും മാത്രമല്ല, ആഫ്രിക്ക, വടക്കെ അമേരിക്ക, തെക്കെ അമേരിക്ക, യൂറോപ്പ് എന്നീ ഭൂഖണ്ഡങ്ങളിലും ഇറാക്കിലും തുടരുന്നു. സ്ഥാപകപിതാവായ വിശുദ്ധ ചാവറയച്ചൻ തുടങ്ങിവച്ച സ്ത്രീസമുദ്ധാരണസംരംഭങ്ങൾ കാലദേശാദികൾക്കനുസരിച്ച് നവംനവങ്ങളായ രൂപത്തിലും ഭാവത്തിലും സുവിശേഷപ്രഘോഷണം, ക്രിസ്തീയരൂപീകരണം, വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹികസേവനം, തൊഴിൽപരിശീലനം, മാധ്യമപ്രേഷിതത്വം തുടങ്ങിയവയിലൂടെ തുടരുന്നു. ഗർഭാവസ്ഥയിലായിരിക്കുന്ന ഒരു ശിശു മുതൽ മരണക്കിടക്കയിലായിരിക്കുന്ന വ്യക്തിവരെയുള്ള വിവിധപ്രായത്തിലും അവസ്ഥയിലുമായിരിക്കുന്നവരെയും ഭിന്നശേഷിയുള്ളവരേയും എയ്ഡ്സ് രോഗികളേയും ട്രാൻസ്ജെൻഡേഴ്സിനേയും അനീതിക്കും ചൂഷണത്തിനും ഇരയാകുന്നവരേയും, ആരും ശ്രദ്ധിക്കാനില്ലാതെ അലഞ്ഞുതിരിഞ്ഞുനടക്കുന്നവരേയും ഇതരസംസ്ഥാനതൊഴിലാളികളേയും ക്രിസ്തുസ്നേഹത്തെ പ്രതിയും സ്ഥാപകപിതാവിനെപ്പോലെ അവരുടെ ആത്മാക്കളുടെ രക്ഷയെ മുന്നിൽകണ്ടു സ്നേഹിക്കുന്നതിലും ശുശ്രൂഷിക്കുന്നതിലും സിഎംസി മക്കൾ വ്യാപൃതരാണ്.

ഏറ്റവും സമുദ്ധരിക്കപ്പെട്ട സ്ത്രീയായ പരിശുദ്ധ അമ്മയുടെ സംരക്ഷണയിൽ, സമഗ്രവിമോചകനും സമുദ്ധാരകനുമായ മിശിഹായുടെ മാതൃക പിൻചെന്നുകൊണ്ട്, ഒന്നരനൂറ്റാണ്ടു മുമ്പുവരേയും അടിമകളെപ്പോലെ അടുക്കളയുടെ അകത്തളങ്ങളിൽ കെട്ടപ്പെട്ടുകിടന്ന സ്ത്രീകളെ അൾത്താരവരെ ഉയർത്താൻ തക്കവിധം സ്ത്രീകളെ സമുദ്ധരിച്ച് പ്രവാചകധീരതയോടെ കാലത്തിനുമുമ്പേ നടന്നുനീങ്ങിയ ചാവറ പുണ്യപിതാവിന് ഭാരതസഭയിലെ സകല സമർപ്പിത സ്ത്രീകളുടേയും, പ്രത്യേകിച്ച്, സ്വന്തം പെൺമക്കളായ സിഎംസി മക്കളുടെയും പ്രണാമം! നമോവാകം!

# വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ നാഴികക്കല്ലുകൾ

1805 ഫെബ്രുവരി 10: കുട്ടനാട്ടിലെ കൈനകരിയിൽ ജനനം.

1817: വൈദിക പരിശീലനത്തിനായി ആസ്തപ്പാട് പട്ടം സ്വീകരിക്കുന്നു.

1827: ഡീക്കൻ പട്ടം

1829 നവംബർ 29: വൈദികപട്ടം.

1831 മേയ് 11 : മാന്നാനത്ത് ആദ്യ ഭവനം സ്ഥാപിച്ചുകൊണ്ട് സിഎംഐ സഭയ്ക്കു തുടക്കം. ആശ്രമശിലാസ്ഥാപനം പോരൂക്കര തോമ്മാ മല്പാൻ. ഇന്ത്യയിലെ ആദ്യ സ്വദേശസന്യാസസമൂഹം രൂപമെടുത്തു.

1833: മാന്നാനത്തു സെമിനാരി സ്ഥാപിക്കുന്നു.

1846 സെപ്റ്റംബർ 30: മാന്നാനം സെന്റ് ജോസഫ്സ് പ്രസ് ആരംഭിക്കുന്നു.

1846: മാന്നാനത്തു സംസ്കൃത വിദ്യാലയം തുടങ്ങുന്നു.

1855 ഡിസംബർ 8: എഴുതപ്പെട്ട നിയമാവലി സ്വീകരിച്ച് ഔദ്യോഗിക സന്യാസജീവിതം ആരംഭിക്കുന്നു. ചാവറയച്ചനടക്കം 11 വൈദികർ വ്രതാർപ്പണം നടത്തി. സഭയുടെ പ്രിയോരായി ചാവറയച്ചനെ നിയോഗിച്ചു.

1860 ഒക്ടോബർ 1: അമലോത്ഭവ മാതാവിന്റെ ദാസർ എന്നറിയപ്പെട്ടിരുന്ന സന്യാസസഭയെ നിഷ്പാദുക കർമലീത്താസഭ(ഒസിഡി)യോട് ബന്ധപ്പെടുത്തി നിഷ്പാദുക കർമലീത്ത മൂന്നാംസഭ (ടിഒസിഡി) എന്ന പേരിലാക്കി.

1861: സുറിയാനിക്കാരുടെ വികാരി ജനറാളായി നിയമിക്കപ്പെട്ടു. പള്ളിക്കൊപ്പം പള്ളിക്കൂടം വേണമെന്ന നിർദേശം പുറപ്പെടുവിച്ചു. റോക്കോസ് ശീശ്മയെ തുരത്തി.

1866 ഫെബ്രുവരി 13: ആദ്യ സുറിയാനി സന്യാസിനീ സമൂഹമായ സിഎംസിക്കു കൂനമ്മാവിൽ തുടക്കം.

1871 ജനുവരി 3: കൂനമ്മാവ് സെന്റ് ഫിലോമിനാസ് ആശ്രമത്തിൽ ചാവറയച്ചന്റെ അന്ത്യം. അവിടെ സംസ്കരിച്ചു.

1889 മേയ് 24: ചാവറയച്ചന്റെ ഭൗതികാവശിഷ്ടങ്ങൾ കൂനമ്മാവിൽനിന്നു മാന്നാനം ആശ്രമദേവാലയത്തിൽ കൊണ്ടുവന്നു പുനഃസംസ്കരിച്ചു.

1955: ചാവറയച്ചന്റെ നാമകരണ നടപടികൾ തുടങ്ങാൻ റീത്തുകൾക്കായുള്ള വത്തിക്കാൻ തിരുസംഘത്തിന്റെ അനുമതി. ഫാ. പ്ലാസിഡ് പൊടിപാറ സിഎംഐയെ പോസ്റ്റുലേറ്ററായി നിയമിച്ചു; ഫാ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ അധ്യക്ഷനായി ചരിത്രകമ്മീഷനെയും.

1983: ചാവറയച്ചന്റെ വീരോചിത പുണ്യങ്ങളെപ്പറ്റിയുള്ള രേഖ വത്തിക്കാൻ അംഗീകരിച്ചു.

1984 ഏപ്രിൽ 7: ചാവറയച്ചനെ ധന്യനായി പ്രഖ്യാപിച്ചു.

1986 ഫെബ്രുവരി 8: ചാവറയച്ചനെ കോട്ടയത്തെ ചടങ്ങിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു.

2014 നവംബർ 23: കുര്യാക്കോസ് ഏലിയാസ് ചാവറ അച്ചനെ വിശുദ്ധനായി ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചു.



Reg. No. KL/KTM/029/2018-20
RNI No.3078/57
സൺഡേ ദീപിക

# ജീവിതത്തെ ഭയപ്പെടാത്ത ചാവറയച്ചൻ



**ചിന്താവിഷയം**

ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ

നൂറ്റിയമ്പതു വർഷം മുമ്പുള്ള ഒരു മരണക്കിടക്കയിൽനിന്നുള്ള രംഗം. വാതപ്പനിയും കടുത്ത നേത്ര രോഗവും മറ്റു ശാരീരിക ബുദ്ധിമുട്ടുകളും മൂലം രോഗി ഏറെ ക്ഷീണിതനാണ്. വിദഗ്ധരായ പല ഡോക്ടർമാർ ശ്രമിച്ചിട്ടും രോഗിയുടെ നില വഷളായതല്ലാതെ അല്പംപോലും മെച്ചപ്പെട്ടില്ല. അപ്പോഴാണു രോഗി മരിക്കുവാൻ പോകുകയാണെന്ന ചിന്ത ചുറ്റും നിന്നവരിൽ ഒരു അശനിപാതംപോലെ ആഞ്ഞടിച്ചത്. അവരിൽചിലർ വിതുമ്പിക്കരയാൻ തുടങ്ങി. മറ്റു ചിലർ രോഗിയുടെ കിടക്കയുടെ അരികെ മുട്ടുകുത്തി പ്രാർഥിക്കുവാൻ തുടങ്ങി.

തന്റെ മരണം മുൻകൂട്ടി കണ്ടുകൊണ്ടു നല്ല മരണത്തിനായി അനുദിനം ഒരുങ്ങിക്കൊണ്ടിരുന്ന രോഗി സാവധാനം കണ്ണു തുറന്ന് അവിടെനിന്നിരുന്നവരോടായി പറഞ്ഞു: ''ഒടുക്കത്തെ ഒപ്രുശ്മ സ്വീകരിക്കുവാൻ എനിക്കു സമയമായി''. മരണാസന്നർക്കു നൽകുന്ന രോഗീലേപനം എന്ന കൂദാശ അക്കാലത്ത് അറിയപ്പെട്ടിരുന്നത് ഒടുക്കത്തെ ഒപ്രുശ്മ, അന്ത്യകൂദാശ എന്നിങ്ങനെയുള്ള പേരുകളിലായിരുന്നു.

രോഗി ആവശ്യപ്പെട്ടതനുസരിച്ചു ബന്ധപ്പെട്ട അധികാരികൾ അദ്ദേഹത്തിന് ഒപ്രുശ്മ നൽകുവാനെത്തി. അപ്പോഴേക്കും അദ്ദേഹത്തിനുവേണ്ടപ്പെട്ടവരായ മറ്റുള്ളവരും ഓടിയെത്തി. അവരിൽ ചിലർ പൊട്ടിക്കരയുവാൻ തുടങ്ങി. അതു കണ്ട രോഗി തലനിവർത്തി ചാരിയിരുന്നുകൊണ്ട് ഇപ്രകാരം പറഞ്ഞു:

''നിങ്ങൾ എന്തിനു ദുഃഖിക്കുന്നു. മനുഷ്യൻ ആരുതന്നെ ആയാലും എപ്പോഴെങ്കിലും മരിക്കണം. ദൈവാനുഗ്രഹത്താൽ ഈ സമയം ഓർത്ത് എന്നാൽ പാടുള്ള ഒരുക്കങ്ങൾ കുറെനാൾ മുമ്പ് തുടങ്ങി ഞാൻ ചെയ്തുവന്നു. ഭക്തിയുള്ള എന്റെ മാതാപിതാക്കന്മാർ ഈശോ മറിയം യൗസേപ്പ് എന്ന മഹാകുടുംബത്തെ പലവിധത്തിൽ എന്നെ ഓർമിപ്പിക്കുകയും ഞാൻ ആ തിരുക്കുടുംബത്തെ ഇതുപോലെ (കട്ടിലിന്റെ അരികിൽ ഇരുന്നിരുന്നതും മേശമേൽ വച്ചിരുന്നതുമായ രൂപത്തെ കാണിച്ചുകൊണ്ട്) എപ്പോഴും എന്റെ ഹൃദയത്തിൽ കാക്കുകയും ഓർക്കുകയും വണങ്ങുകയും ചെയ്തിരുന്നതിനാൽ അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിക്കകൊണ്ടു മാമോദീസായിൽ എനിക്കു കിട്ടിയ ദൈവ ഇഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിന് ഇടയായിട്ടില്ല എന്നു പറയുന്നതിനു ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്''.

രോഗിയുടെ ചുറ്റും നിന്നിരുന്നവർ അദ്ദേഹത്തെ ശ്രദ്ധാപൂർവം കേട്ടുനിൽക്കുമ്പോൾ അദ്ദേഹം തുടർന്നു: ''നമ്മുടെ പാവപ്പെട്ട സഭയെയും അംഗങ്ങളായ നിങ്ങളെല്ലാവരെയും ഈ തിരുക്കുടുംബത്തിനു ഞാൻ പ്രതിഷ്ഠിക്കുന്നു. തിരുക്കുടുംബത്തെ നിങ്ങൾ ആശ്രയിക്കുവിൻ. നിങ്ങളുടെ ഹൃദയങ്ങളിൽ ആ തിരുക്കുടുംബം അധികാരം നടത്തട്ടെ. ഞാൻ മരിക്കുന്നതിനെക്കുറിച്ചു നിങ്ങൾ ദുഃഖിച്ചു കലങ്ങേണ്ട. ദൈവതിരുമനസിനു സന്തോഷപൂർവം കീഴ്‌വഴങ്ങുവിൻ. ദൈവം സർവവലല്ലഭനും അറുതിയില്ലാത്ത അനുഗ്രഹക്കാരനുമാകുന്നു. സഭയ്ക്കും നിങ്ങൾ ഓരോരുത്തർക്കും എന്നേക്കാൾ കൂടുതൽ നന്മചെയ്യാൻ കഴിയുന്ന ഒരു പുത്തൻ പ്രിയോരച്ചനെ ദൈവം ഉടനെ തരും''.



''മരണത്തോടുള്ള ഭയം ജീവിതത്തോടുള്ള ഭയത്തിന്റെ പിന്തുടർച്ചയാണ്. ജീവിതം അതിന്റെ പൂർണതയിൽ നയിക്കുന്ന ഒരാൾ ഏതു സമയത്തും മരിക്കുവാൻ സന്നദ്ധനായിരിക്കും'' എന്ന് അമേരിക്കൻ സാഹിത്യകാരനായ മാർക്ക് ട്വയ്ൻ എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഈ വാക്കുകൾ ചാവറയച്ചനെ സംബന്ധിച്ചിടത്തോളം എത്രയോ ശരിയാണ്.

തെല്ലിട നിശബ്ദതയ്ക്കു ശേഷം അദ്ദേഹം തുടർന്നു: ''നിങ്ങൾ എല്ലാവരും റേഗുളയും ന്യായപ്രമാണങ്ങളും ശ്രേഷ്ഠന്മാരുടെ കല്പനകളും സൂക്ഷ്മമായി അനുസരിച്ചു കാക്കണം.

ദിവ്യകാരുണ്യത്തിൽ എഴുന്നെള്ളിയിരിക്കുന്ന ഈശോയെ നിങ്ങൾ മുഴുഹൃദയത്തോടെ സ്നേഹിക്കണം. ആ തിരുഹൃദയത്തിൽനിന്നു നിവ്യായുടെ വചനം പോലെ ആയുസിന്റെ വെള്ളത്തെ കോരിയെടുക്കുവിൻ. സഭയുടെ അംഗങ്ങളായിരിക്കുന്ന എല്ലാവരും പ്രത്യേകം ശ്രേഷ്ഠന്മാരും തമ്മിൽ തമ്മിൽ പരമാർഥ ഉപവിയുള്ളവരായിരിക്കണം. ഇപ്രകാരം നിങ്ങൾ ചെയ്യുമെങ്കിൽ ഈ സഭ വഴിയായിട്ട് ദൈവസ്തുതിയും ആത്മരക്ഷയും ഉണ്ടാകുകയും സഭ ഒന്നിനൊന്നിന് അഭിവൃദ്ധിപ്രാപിക്കുകയും ചെയ്യും.

ഇത്രയും പറഞ്ഞ ഉടനെ രോഗി വീണ്ടും ഒപ്രുശ്മ നൽകുവാൻ ആവശ്യപ്പെട്ടു. ഒപ്രുശ്മ സ്വീകരിച്ചു മയക്കത്തിലേക്കു വഴുതിവീണ അദ്ദേഹം പിറ്റേ ദിവസം രാത്രി ഏഴരയോടെ തന്റെ നിത്യസമ്മാനം നേടുന്നതിനു യാത്രയായി.

1871 ജനുവരി മൂന്ന് ആയിരുന്നു അന്ന്. സ്വർഗസൗഭാഗ്യത്തിനായി വിളിക്കപ്പെട്ട ആ രോഗി വിശുദ്ധനായി ഇന്നു വണങ്ങപ്പെടുന്ന ചാവറ കുര്യാക്കോസ് ഏലിയാസച്ചനായിരുന്നു.

''മരണത്തോടുള്ള ഭയം ജീവിതത്തോടുള്ള ഭയത്തിന്റെ പിന്തുടർച്ചയാണ്. ജീവിതം അതിന്റെ പൂർണതയിൽ നയിക്കുന്ന ഒരാൾ ഏതു സമയത്തും മരിക്കുവാൻ സന്നദ്ധനായിരിക്കും'' എന്ന് അമേരിക്കൻ സാഹിത്യകാരനായ മാർക്ക് ട്വയ്ൻ (1835-1910) എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഈ വാക്കുകൾ ചാവറയച്ചനെ സംബന്ധിച്ചിടത്തോളം എത്രയോ ശരിയാണ്. ചാവറയച്ചൻ ജീവിതത്തെ ഭയപ്പെട്ടില്ല. ചാവറയച്ചന്റെ ബാല്യകാലത്ത് അദ്ദേഹത്തിനു തന്റെ മാതാവിനെയും പിതാവിനെയും ഏകസഹോദരനെയും നഷ്ടപ്പെട്ടതാണ്. ഒരു സഹോദരി മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളു. എങ്കിലും ചാവറയച്ചൻ പതറിയില്ല.

ദൈവത്തിന്റെ സ്നേഹത്തിലും അനന്തപരിപാലനയിലും അടിയുറച്ച് അദ്ദേഹം ജീവിച്ചു. അങ്ങനെ ദൈവത്തിന്റെ അനന്തപരിപാലനയിൽ അദ്ദേഹം സിഎംഐ സഭയുടെ സ്ഥാപകനും സഭയുടെ പ്രഥമ പ്രിയോരച്ചനും പത്തൊമ്പതാം നൂറ്റാണ്ടിലെ സാമൂഹിക പരിഷ്കർത്താവും വിദ്യാഭ്യാസ പ്രവർത്തകനും സാംസ്കാരിക നായകനും വിശ്വാസസംരക്ഷകനും മുദ്രാലയ പ്രേഷിതത്വത്തിന്റെ പ്രണേതാവും സർവോപരി ഒരു വിശുദ്ധനുമായി മാറി.

വിവിധങ്ങളായ ലൗകിക മേഖലകളിൽ അദ്ദേഹം പ്രവർത്തിച്ചെങ്കിലും അവയെല്ലാം മൂല്യാധിഷ്ഠിതവും ആധ്യാത്മികതയിൽ അടിയുറച്ചതുമായിരുന്നു. തന്മൂലമാണ് മരിക്കുന്ന സമയത്ത് ഒരു ഭയവും കൂടാതെ മരണത്തെ സമീപിക്കാനും തന്റെ സഭാമക്കൾക്കു നല്ല മാതൃകയും ഉപദേശവും നൽകാനും അദ്ദേഹത്തിനു സാധിച്ചത്. ചാവറയച്ചന്റെ 150-ാം ചരമവർഷത്തിലേക്കു പ്രവേശിക്കുന്ന ഈ അവസരത്തിൽ അദ്ദേഹത്തിന്റെ ജീവിതവും മാതൃകയും സന്ദേശവും എല്ലാവർക്കും പ്രസക്തമാണ്, പ്രത്യേകിച്ചും നാം പുതിയൊരു വർഷത്തിലേക്കു പ്രവേശിക്കുമ്പോൾ. എല്ലാവർക്കും നവവത്സരാശംസകൾ!

വിശുദ്ധ ചാവറ 150-ാം ഓർമ്മതിരുന്നാൾ

# കാലാതിവർത്തിയായ ചാവറകൃതികൾ



**ഫാ. സെബാസ്റ്റ്യൻ ഇലഞ്ഞിക്കൽ**
**സിഎംഐ പ്രൊവിൻഷ്യൽ,**
**സെന്റ് ജോസഫ് പ്രൊവിൻസ്, കോട്ടയം.**

കടന്നു പോയ വഴികളിൽ വെള്ളിവെളിച്ചം വിതറി നടന്നു നീങ്ങിയ വിശുദ്ധ ചാവറയച്ചന്റെ രചനകൾ നിത്യസ്മാരകങ്ങളും തുടർ ചൈതന്യവുമായി കാലത്തിന്റെ കലവറയിൽ കനിചൂടി നിൽക്കുന്നു.

ചാവറയച്ചന്റേതായി 112 രേഖകൾ കണ്ടു കിട്ടിയിട്ടുണ്ട്. ഇതിൽ 97 എണ്ണം മലയാളത്തിലും, 9 എണ്ണം സുറിയാനിയിലും, നാലെണ്ണം ഇറ്റാലിയനിലും. ഒരെണ്ണംവീതം ലത്തീനിലും തമിഴിലുമാണ്. (ഇവയെ ആശയങ്ങളുടെയും സാഹിത്യരൂപങ്ങളുടേയും പ്രത്യേകതകൾക്കനുസരിച്ച് നാലു വാല്യങ്ങളായി തിരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. നാളാഗമങ്ങൾ (വാല്യം - 1), സാഹിത്യകൃതികൾ (വാല്യം - 2), ആദ്ധ്യാത്മിക കൃതികൾ (വാല്യം - 3), കത്തുകൾ (വാല്യം - 4) എന്നിവയാണ് അവ. ഇവ നാലും ചേർത്ത് "ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ" എന്ന പേരിൽ സി.എം.ഐ. സഭയുടെ 150-ാം വർഷത്തിൽ (1981) നാലു വാല്യങ്ങളിലായി പ്രസിദ്ധീകരിക്കപ്പെട്ടു.

## ചാവറയച്ചന്റെ കൃതികൾ

1. നാളാഗമങ്ങൾ (വാല്യം ഒന്ന്)
2. സാഹിത്യ കൃതികൾ (വാല്യം രണ്ട്)
   *ആത്മാനുതാപം
   *അനസ്താസ്യായുടെ രക്തസാക്ഷ്യം
   *മരണവീട്ടിൽ പാടുന്നതിനുള്ള പാന
3. ആദ്ധ്യാത്മിക കൃതികൾ (വാല്യം മൂന്ന്)
   *ധ്യാന സല്ലാപങ്ങൾ
   *ചാവറ അച്ചൻ വ്യക്തിപരമായ പ്രാർത്ഥനകൾ
   *നാല്പതുമണി ആരാധനാ ക്രമം
4. കത്തുകൾ (വാല്യം നാല്)
   *ഒരു നല്ല അപ്പന്റെ ചാവരുൾ
5. തൂക്കാസ (ബലിയർപ്പണ ക്രമങ്ങൾ)
6. മരിച്ചവർക്കുവേണ്ടിയുള്ള ക്രമങ്ങൾ
7. എക് ലോഗുകൾ (ഇടയനാടകങ്ങൾ)
8. നാളാഗമങ്ങൾ (വാല്യം ഒന്ന്)

1829 നും 1870 നും ഇടയിൽ മാന്നാനം, കൂനമ്മാവ് എന്നീ സ്ഥലങ്ങളിലിരുന്നുകൊണ്ട് ചാവറയച്ചൻ എഴുതിയ നാൾവഴി ചരിത്രമാണ് നാളാഗമങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നത്. അഞ്ചുവാല്യങ്ങളിലായി ക്രമീകരിച്ചിട്ടുള്ള നാളാഗമം 1829 മുതൽ 1870 വരെയുള്ള കാലഘട്ടങ്ങളിൽ എഴുതപ്പെട്ടവയാണ്. അതിൽ ഒന്നും രണ്ടും വാല്യങ്ങളിൽ മാന്നാനം ആശ്രമത്തിന്റെ സ്ഥാപന ചരിത്രവും, മൂന്നാമത്തേതിൽ റോക്കോസ് കലാപ ചരിത്രവും, നാലാമത്തേതിൽ അമ്പഴക്കാട്ടു കൊവേന്തയുടെയും, അഞ്ചാമത്തേതിൽ കൂനമ്മാവു കർമ്മലീത്താ മഠത്തിന്റെയും സ്ഥാപന ചരിത്രം വിവരിക്കുന്നു. ഈ അഞ്ചുവാല്യങ്ങളിലായി ചാവറയച്ചൻ കുറിച്ചുവച്ച ചരിത്രസംഭവങ്ങളെല്ലാം ചേരുംപടി ഒന്നിച്ചാക്കിവച്ചാൽ കേരളചരിത്രത്തിന്റെയും സഭയുടെയും അമൂല്യമായ നാലു ചരിത്ര പുസ്തകങ്ങളായിത്തീരും.

## സാഹിത്യകൃതികൾ (വാല്യം രണ്ട്)

സാഹിത്യകൃതികൾ എന്ന പേരിലുള്ള രണ്ടാം വാല്യത്തിൽ മൂന്നു പദ്യസമാഹാരങ്ങളാണ് ഉള്ളത്. ആത്മാനുതാപം, അനസ്താസ്യായുടെ രക്തസാക്ഷ്യം, മരണവീട്ടിൽ പാടുന്നതിനുള്ള പാന എന്നിവയാണവ. കൃത്യമായി എന്നാണീ കൃതികൾ എഴുതിയതെന്നുറപ്പില്ലെങ്കിലും അതിലെ ഉള്ളടക്കത്തിന്റെ പ്രത്യേകതകൾകൊണ്ടും ചാവറയച്ചന്റെ ഉദ്ദേശലക്ഷ്യങ്ങൾ പരിഗണിക്കുമ്പോഴും 1862-നും 1870-നും ഇടയ്ക്കാണ് ഇവ പൂർത്തിയാക്കിയതെന്ന് അനുമാനിക്കാം.

## ആത്മാനുതാപം

4021 വരികളിലൂടെ 12 അദ്ധ്യായങ്ങൾ ഉള്ള ആത്മാനുതാപം എന്ന മിസ്റ്റിക്ക് കവിത ആത്മകഥാംശം അലിയിപ്പിച്ചു ചേർത്ത പശ്ചാതാപ ജന്യമായി, ദൈവമാതൃഭക്തിയിൽ നിർലീനമാക്കി അവതരിപ്പിക്കുന്ന ക്രിസ്തു ഗാഥയാണ്. ആത്മാവിന്റെ അഗാധതയിൽ നിന്നുയരുന്ന ഈ അനുതാപ സങ്കീർത്തനം അനുവാചകന് അഗ്നിശുദ്ധി വരുത്തുവാൻ പോരുന്ന ഹവിസാണ്. ഭാരതത്തിന്റെ ആത്മസാക്ഷാത്കാരത്തിന് തൂവൽസ്പർശമേകിയ രാമാനുജൻ, കബീർ, തുളസീദാസ്, പൂന്താനം തുടങ്ങിയവരുടെ നിരയിലാണ് സാഹിത്യരംഗത്ത് ചാവറയച്ചൻ ഈ കൃതിയിലൂടെ സ്ഥാനം നേടുന്നത് എന്നാണ് പണ്ഡിതമതം.

## അനസ്താസ്യായുടെ രക്തസാക്ഷ്യം

'അനസ്താസ്യായുടെ രക്തസാക്ഷ്യം' എന്ന കൃതിയുടെ പ്രത്യേകതകളാൽ മലയാളഭാഷയിലെ പ്രഥമ ഖണ്ഡ കാവ്യമാണിതെന്ന് ആധുനിക നിരൂപകർ അഭിപ്രായപ്പെടുന്നു.




ശീശ്മയും ഛിദ്രങ്ങളും കേരളസഭാന്തരീക്ഷത്തിൽ കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ച പശ്ചാത്തലത്തിൽ ചഞ്ചലചിത്തരായ വിശ്വാസികളെ യഥാർത്ഥ സത്യവിശ്വാസത്തിൽ അരക്കിട്ടുറപ്പിക്കുവാൻ വേണ്ടി എ.ഡി. മൂന്നാം നൂറ്റാണ്ടിൽ വലേരിയൻ ചക്രവർത്തിയുടെ ഭരണകാലത്ത് വിശ്വാസത്തെപ്രതി ധീരരക്തസാക്ഷിത്വം വരിച്ച അനസ്താസിയായുടെയും, സിറിലോസിന്റെയും ധീരകഥകൾ നതോന്നതവൃത്തത്തിൽ ഹൃദയാവർജകമായ വിധത്തിൽ 182 വരികളിൽ കവിതയായി അവതരിപ്പിക്കുന്നു. 1861 നും 1862 നും ഇടയിലാണ് ഈ കൃതി വിരചിതമായത്.

## മരണവീട്ടിൽ പാടുന്നതിനുള്ള പാന

മരണത്തോടനുബന്ധിച്ച് വിശ്വാസസത്യങ്ങൾ സ്വതഃസിദ്ധമായ ശൈലിയിൽ വർണിക്കുന്ന ഈ കൃതി 1868 ന് മുമ്പ് രചിക്കപ്പെട്ടതാകണം. ഒരാൾ മരണമടഞ്ഞാൽ അന്തിമശുശ്രൂഷകളുടെ സമയം വരെ മൃതദേഹം വീട്ടിൽ സൂക്ഷിക്കണം. വേർപാടിന്റെ വിയോഗ ദുഃഖ വികാരങ്ങൾ തളംകെട്ടി നിൽക്കുന്ന ഈ സമയം പ്രാർത്ഥനയുടെയും വിചിന്തനത്തിന്റേയും സമയമാണ്. ഹൃദയ പരിവർത്തനത്തിന് പ്രചോദനം ഉൾക്കൊള്ളാനും പറ്റിയ സമയം . ഇതു മനസ്സിൽ കണ്ടാകണം ചാവറയച്ചൻ മനുഷ്യന്റെ സനാതനമൂല്യങ്ങളായ ലോകം, വിധി, സ്വർഗം, നരകം എന്നിവയെ വരച്ചുകാട്ടാൻ ഈ രചനയിലൂടെ ശ്രമിക്കുന്നു.

## ആദ്ധ്യാത്മിക കൃതികൾ (വാല്യം മൂന്ന്)

ചാവറപ്പിതാവിന്റെ മുദ്രിതകൃതികൾ, ഗദ്യകൃതികൾ ഒരുമിച്ചു ചേർത്ത് ആദ്ധ്യാത്മിക കൃതികൾ എന്നപേരിൽ മൂന്നാം വാല്യമായി പ്രസിദ്ധീകരിച്ചിരിക്കുന്നു. ആദ്ധ്യാത്മികരംഗത്തുള്ള ചാവറപ്പിതാവിന്റെ ശ്രേഷ്ഠവ്യക്തിത്വവും മാഹാത്മ്യവും തെളിഞ്ഞുനിൽക്കുന്ന ധ്യാനസല്ലാപങ്ങൾ മാനസിക പ്രാർത്ഥനയുടെ നിറകുടമാണ്. വ്യക്തിപരമായി ചാവറപ്പിതാവ് നടത്തിയിരുന്ന പ്രാർത്ഥനകളുടെ, അദ്ദേഹം തന്നെ കേരളത്തിൽ ആരംഭിച്ച നാല്പതുമണി ആരാധനയുടെ ക്രമവിധികളും മൂന്നാം വാല്യത്തിൽ ഉൾപ്പെടുന്നു.

## ധ്യാനസല്ലാപങ്ങൾ

ധ്യാനസല്ലാപങ്ങൾ എന്ന കൃതി ചാവറയച്ചന്റെ ആദ്ധ്യാത്മിക ജീവിതത്തിലെ ഡയറിക്കുറിപ്പുകൾ ആണ്. ഈ ചെറു ഗ്രന്ഥത്തെ ധ്യാനസല്ലാപങ്ങൾ, ധ്യാനകുറിപ്പുകൾ, ചാവറയച്ചൻ ചൊല്ലിയിരുന്ന ചില പ്രാർത്ഥനകൾ, നാല്പതുമണി ആരാധനയുടെ ക്രമചട്ടങ്ങളും നിർദേശങ്ങളും എന്നിങ്ങനെ നാലായി തിരിക്കാവുന്നതാണ് ഈ ചെറു ഗ്രന്ഥം പഴയ നിയമത്തിലേയും പുതിയ നിയമത്തിലേയും ആശയങ്ങളും തിരുവചനങ്ങളുംകൊണ്ട് സമൃദ്ധമാണ്. ബൈബിൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു തുടങ്ങുന്നതിന് ഏതാണ്ട് അര നൂറ്റാണ്ട് മുമ്പുതന്നെ അദ്ദേഹത്തിനിതു സാധിച്ചു എന്നത്. സുറിയാനി ബൈബിളിലും ഭാഷയിലും അദ്ദേഹത്തിനുണ്ടായിരുന്ന പാണ്ഡിത്യം നമ്മെ വിസ്മയിപ്പിക്കാൻ പോരുന്നതാണ്.

## കത്തുകൾ (വാല്യം നാല്)

ചാവറയച്ചന്റെ കത്തുകൾ ഇതര രേഖകളിൽ നിന്നും വിഭിന്നമാണ്. കൂടുതൽ വ്യക്തിപരമാണ് - ഒരു വ്യക്തിയുടെ ഹൃദയത്തുടിപ്പുകളാണിതിൽ കാണാനാവുക. ഇടവക വൈദികൻ, സന്യാസ ശ്രേഷ്ഠൻ, രണ്ട് ഏതദ്ദേശീയ സന്ന്യാസ സഭകളുടെ സ്ഥാപകൻ, മലബാർ സഭയുടെ ആദ്യത്തെ വികാരി ജനറാൾ, സെമിനാരി മൽപ്പാൻ, ആദ്ധ്യാത്മികോപദേഷ്ടാവ്, സാമൂഹിക പരിഷ്കർത്താവ് എന്നീ തലങ്ങളിലെല്ലാം വ്യാപരിച്ച ചാവറയച്ചൻ വളരെയധികം കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റേത് എന്ന് വ്യക്തമായി അവകാശപ്പെടാവുന്ന 86 കത്തുകളാണ് നമുക്ക് ലഭിച്ചിട്ടുള്ളത്. അവ ഇന്നും സൂക്ഷിക്കപ്പെട്ടിരിക്കുന്നവയുമാണ്. 1843 മുതൽ 1870 വരെയുള്ള വർഷങ്ങളിൽ പരിശുദ്ധ പിതാവ് ഒൻപതാം പീയൂസ് മാർപാപ്പയ്ക്ക് എഴുതിയ കത്തുകൾ മുതൽ തയ്യിൽ കൊച്ചുപോത്തനും പെരുമാലിൽ കുര്യൻ തരകനും കൊടുത്ത രസീതുവരെ ഇതിൽപ്പെടുന്നു. ഈ കത്തുകൾ അതിന്റെ ഔദ്യോഗിക പ്രസക്തിയോട് ചേർന്ന് പരിഗണിക്കുമ്പോൾ മതസാമൂഹികതലങ്ങളിൽ ചാവറയച്ചനുണ്ടായിരുന്ന സ്ഥാനത്തേയും ബന്ധങ്ങളേയും വെളിപ്പെടുത്തുന്നവയാണ്.

## ചാവരുൾ (ഒരു നല്ല അപ്പന്റെ ചാവരുൾ)

1868 ലും 69 ലുമായി ചാവറയച്ചൻ തന്റെ ഇടവകക്കാരും രക്തബന്ധികളുമായ കൈനകരിക്കാർക്കെഴുതിയ രണ്ടു കത്തുകളാണ് ചാവരുൾ. ആദ്യത്തേത് കുടുംബജീവിതക്കാർക്കുള്ള ഒരു മാർഗ്ഗരേഖയാണ്. മാതാപിതാക്കളുടേയും മക്കളുടേയും കടമകളോട് ബന്ധപ്പെടുത്തിയുള്ള നാല്പതിന പരിപാടികളാണ് ഇതിൽ നിർദേശിക്കുന്നത്. രണ്ടാമത്തേത് അവ വഴി നടപ്പിലാക്കേണ്ട വലിയ രണ്ടു സേവനരംഗങ്ങളെക്കുറിച്ച് പരാമർശിച്ചുകൊണ്ട്, പാവപ്പെട്ടവരും ആരും സംരക്ഷിക്കാനില്ലാത്തവരും, മരണാസന്നരുമായ ആളുകളെ സംരക്ഷിക്കുന്നതിനുണ്ടാകേണ്ട ഉപവിശാലയേക്കുറിച്ചുമാണ്. രണ്ടു ലേഖനങ്ങൾക്കും ചാവറയച്ചൻ കൊടുത്തിരിക്കുന്ന പേര് ചാവരുൾ എന്നാണ്.

ചാവറയച്ചൻ എഴുതിയ കൃതികളെ സമാഹരിച്ച് നാലു വാല്യങ്ങളിലാക്കിയതാണ് "സമ്പൂർണ്ണകൃതികൾ." എന്നാൽ ഇതിൽ മൂന്നു കൃതികൾപെടുത്തിയിട്ടില്ല. അവയാണ് താഴെചേർത്തിരിക്കുന്നത്.

## തൂക്കാസ

1866 ൽ പ്രസിദ്ധീകരിച്ച തൂക്കാസയിൽ ബലിയർപ്പണത്തിനായി തിരുവസ്ത്രങ്ങളണിയാനെത്തുന്നതു മുതൽ ബലിയർപ്പണം കഴിഞ്ഞ് തിരുവസ്ത്രങ്ങൾ അഴിച്ചുമാറ്റുന്നതുവരെ പുരോഹിതൻ ശ്രദ്ധിക്കേണ്ട ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചുള്ള വിശദീകരണങ്ങളാണ് ഉള്ളത്. 1962 വരെ ബലിയർപ്പണവേളയിൽ ഈ നിർദ്ദേശങ്ങളനുസരിച്ചാണ് സുറിയാനിഭാഷയിൽ ചടങ്ങുകൾ നടത്തിയിരുന്നത്. കുർബാനക്രമം പിന്നീട് മലയാളഭാഷയിലാക്കുകയും പരിഷ്കരിക്കുകയും ചെയ്തപ്പോൾ ആചാരാനുഷ്ഠാനങ്ങളിൽ വളരെയധികം മാറ്റം വരുത്തിയതിനാലും തൂക്കാസയിലെ നിഷ്ഠകൾ അതേവിധം ഇപ്പോൾ ഉപയോഗത്തിലില്ലാത്തതിനാലുമാണ് ഇത് സമ്പൂർണ്ണകൃതികളിൽ ചേർത്തു പ്രസിദ്ധീകരിക്കാത്തത്.

## മരിച്ചവർക്കുവേണ്ടിയുള്ള ക്രമങ്ങൾ

തൂക്കാസയിലെ കൂർബാന ക്രമം എന്നപോലെ തന്നെ മരണശുശ്രൂഷയുടെ ക്രമങ്ങളും വിശദീകരണങ്ങളുമാണ് ഈ കൃതിയിൽ ഉള്ളത്. ക്രമങ്ങളിൽ പിന്നീടുണ്ടായ മാറ്റങ്ങളാണ് ഈ കൃതിയും സമ്പൂർണ്ണകൃതികളിൽ ചേർക്കാത്തതിന്റെ കാരണം.

## എക്ലോഗുകൾ (ഇടയനാടകങ്ങൾ)

ചാവറയച്ചൻ എഴുതിയ എക്ലോഗുകൾ (ഇടയനാടകങ്ങൾ) മലയാളഭാഷയിലെ ആദ്യകാല ഏകാങ്കങ്ങളായി പരിഗണിക്കാവുന്നതാണ്. ഈ കൃതി എഴുതിയത് ഇറ്റാലിയൻ മൂപ്പച്ചൻമാരിൽ നിന്നും കിട്ടിയ അറിവുവച്ചാണ്. ക്രിസ്തുവിന്റെ ജനനത്തെ കേന്ദ്രീകരിച്ചുള്ളതാണ് ഇതിലെ ഇതിവൃത്തം. 10 ഇടയനാടകങ്ങൾ ചാവറയച്ചൻ രചിച്ചിട്ടുണ്ട്.

വ്യക്തികൾ ജീവിച്ചിരിക്കുമ്പോൾ ഒരിക്കൽ പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കുവാനും ശ്രവിച്ച അതേ കാര്യങ്ങൾ മറ്റുള്ളവർക്ക് കൈമാറുവാനും സാധിക്കുന്നതിലൂടെ ഉച്ചരിക്കപ്പെട്ട വചനങ്ങൾ ജീവനുള്ളതാകുന്നു. എന്നാൽ വചനം പറഞ്ഞവരും ശ്രവിച്ചവരും മൺമറയുമ്പോൾ വചനങ്ങളും അത് പങ്കുവച്ച വ്യക്തികളും വസ്തുക്കളും ചരിത്രവ്യക്തികളായിമാറുന്നു. അവരുടെ വചനങ്ങൾ മറ്റുള്ളവരിലൂടെ കൈമാറുമ്പോൾ സ്വാഭാവികമായ കൈമാറ്റ ചോർച്ചയിൽ സത്യത്തിന് ഒരു പക്ഷെ കുറവ് വന്നേക്കാം. എന്നാൽ ജീവിച്ചിരിക്കുമ്പോൾതന്നെ അവർ രേഖപ്പെടുത്തിയിട്ടുള്ള വചനങ്ങൾക്ക് അത് സംഭവിക്കുന്നില്ല. അത് ചരിത്ര സത്യമായി മാറുകയും മാറ്റങ്ങൾക്കതീതമായ സത്യമായി തുടരുകയും ചെയ്യും. മൺമറഞ്ഞവർ ജീവിക്കുന്നത് പ്രധാനമായും അവർ പറഞ്ഞുവച്ച അല്ലെങ്കിൽ എഴുതിവച്ച വചനങ്ങളിലൂടെയാണ്. ചാവറയച്ചന്റെ കൃതികളിൽ ഇന്നും അദ്ദേഹത്തിന്റെ ജീവന്റെ തുടിപ്പ് നിലനിൽക്കുന്നു. അദ്ദേഹത്തിന്റെ എല്ലാ കൃതികളും തുടർപഠനങ്ങൾ ആവശ്യപ്പെടുന്ന അക്ഷര ശുശ്രൂഷകളാണ്.

പത്തൊൻപതാം നൂറ്റാണ്ടിൽ ജീവിച്ച് കേരളീയ സമൂഹത്തിന് ശക്തിയും വെളിച്ചവും പകർന്ന വിശുദ്ധ ചാവറ അച്ചൻ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ജീവിക്കുന്ന നമുക്ക് സൂര്യതേജസായി ചൂടും വെളിച്ചവും അവിഘ്നം പകർന്നുകൊണ്ടിരിക്കുന്നു.

---

*ചാവറ കൃതികൾ ലഭിക്കുന്ന സ്ഥലം:*
*സിഎംഐ ജനറലേറ്റ്, കാക്കനാട്,*
*ഫോൺ: 7907931977*

## ചാവറയച്ചനെക്കുറിച്ചുള്ള കൃതികൾ (തെരഞ്ഞെടുത്തവ)

**മലയാളം**

1. മലങ്കര സഭാമാതാവിന്റെ ഒരു വീരസന്താനം അഥവാ ദിവ്യശ്രീ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, ഫാ. വലേരിയൻ സി,ഡി, സിഎംഐ, സെന്റ് ജോസഫ് പ്രസ്സ്, മാന്നാനം, 1939
2. പുളകമണിയുന്ന ഭാരതം - വാഴ്ത്തപ്പെട്ട കുര്യാക്കോസ് ഏലിയാസ് ചാവറ, ഫാ. വലേരിയൻ പ്ലാത്തോട്ടം സിഎംഐ, കെഇസി പബ്ലിക്കേഷൻസ്, മാന്നാനം.
3. വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ - ജീവചരിത്രം, ഫാ.സെഡ്.എം. മൂഴൂർ സിഎംഐ, കെഇസി പബ്ലിക്കേഷൻസ്, മാന്നാനം.
4. വാഴ്ത്തപ്പെട്ട കുര്യാക്കോസ് ഏലിയാസച്ചൻ, ഫാ. ആൻസലേം സിഎംഐ, കെഇസി പബ്ലിക്കേഷൻസ്, മാന്നാനം.
5. വാഴ്ത്തപ്പെട്ട ചാവറയച്ചൻ, ഫാ.ചെറിയാൻ കുനിയന്തോടത്ത് സിഎംഐ, കെഇസി പബ്ലിക്കേഷൻസ്, മാന്നാനം.
6. ആകാശദീപങ്ങൾ സാക്ഷി, ജോൺ ആന്റണി, ബെത് റോമ പബ്ലിക്കേഷൻ
7. അരൂപിയുടെ മേലൊപ്പുള്ള മനുഷ്യൻ, ഫാ.സെഡ്.എം. മൂഴൂർ സിഎംഐ, കാർമ്മൽ പബ്ലിക്കേഷൻ സെന്റർ, തിരുവനന്തപുരം.
8. മനസിൽ നിറയുന്ന ചാവറയച്ചൻ, കുഞ്ഞൂഞ്ഞമ്മ ജോസഫ്, മെരിറ്റ് ബുക്ക്സ്, എറണാകുളം.
9. നന്മയുടെ ഗീതകങ്ങൾ, ഫാ. തോമസ് പന്തപ്ലാക്കൽ സിഎംഐ, ക്രിസ്തു ജ്യോതി പബ്ലിക്കേഷൻസ്.
10. ചാവറ ദർശനം, ഫാ. മാത്യു ഉലകംതറ, കെഇസി പബ്ലിക്കേഷൻസ്, മാന്നാനം.
11. ഇതാ ചാവറയച്ചൻ, ഡോ. ജെ.എസ്.തേക്കുങ്കൽ സിഎംഐ, സിഎംഐ. ജനറൽ സെക്രട്ടറിയേറ്റ്,
12. വാഴ്ത്തപ്പെട്ട ചാവറയച്ചൻ - വ്യക്തിയും വീക്ഷണവും, ഫാ.ജോൺ റോമിയോ പട്ടശ്ശേരി, ചാവറ ബുക്ക്സ് ആൻഡ് പബ്ലിക്കേഷൻസ്, ആലുവ
13. ചാവറയച്ചൻ വിവിധ വീക്ഷണങ്ങളിൽ, ഫാ. സെഡ്.എം.മൂഴൂർ സിഎംഐ, ജനത, തേവര
14. കേരള സഭാദീപം, ഡി.മാണിക്കത്താൻ, കെസിഎം പ്രസ്, കൊച്ചി
15. കൂടും കൂട്ടും, ഷൗക്കത്ത്, ചാവറ കൾച്ചറൽ സെന്റർ ആൻഡ് അമല മീഡിയ ഹൗസ്, കോഴിക്കോട്
16. ഈ കടലാസ് മരിക്കില്ല, പ്രഫ. സജ്ജയ് കെ.വി., എസ്.എച്ച്, പബ്ലിഷർ, കോഴിക്കോട്.
17. ചാവറ അച്ചൻ കേരളാധുനികത്വത്തിന്റെ ശില്പി, എഡിറ്റർ, ജോൺ മണ്ണാറത്തറ, മാതൃഭൂമി, കോഴിക്കോട്.

**ഇംഗ്ലീഷ്**




18. ബ്ലസഡ് കെഇ ചാവറ, കെ.സി. ചാക്കോ, കെഇസി പബ്ലിക്കേഷൻസ്, മാന്നാനം.
19. ബ്ലസഡ് കെഇ ചാവറ, ഡോ.കുര്യൻ മാതോത്ത്
20. ബ്ലസഡ് കെഇ ചാവറ, ഫാ.വലേരിയൻ സിഎംഐ, കെഇസി പബ്ലിക്കേഷൻസ്, മാന്നാനം.
21. ആൻ എപ്പിക് ഓഫ് ഡ്രീം, ഫാ. ആന്റണി വള്ളവന്തറ സിഎംഐ, വൈസ് പോസ്റ്റുലേറ്റർ, മാന്നാനം.
22. എ പേൾ ട്രൂലി ഇൻഡ്യൻ, ഫാ.തോമസ് പന്തപ്ലാക്കൽ സി.എം.ഐ.,
23. ബ്ലസഡ് കുര്യാക്കോസ് ഏലിയാസ് ചാവറ, ഫാ. മത്തിയാസ് മുണ്ടാടൻ സിഎംഐ, ധർമ്മാരാം പബ്ലിക്കേഷൻസ്, ബാംഗ്ലൂർ
24. ബ്ലസഡ് കുര്യാക്കോസ് ഏലിയാസ് ചാവറ, ഫാ. ലിയോപോൾഡ് ബെക്കാറോ ഒസിഡി, മാന്നാനം.
25. പേഴ്സ്പെക്റ്റീവ് ഓഫ് എ ഹീറോയിക് ക്രിസ്ത്യൻ ലൈഫ്, ഫാ. ലൂക്കാസ് വിത്തുവട്ടിക്കൽ സിഎംഐ, കെ.ഇ.സി. പബ്ലിക്കേഷൻസ്, മാന്നാനം.
26. ദി പാസ്റ്ററൽ വിഷൻ ഓഫ് കെഇ ചാവറ, ഡോ. ജോസഫ് കാഞ്ഞിരമറ്റത്തിൽ സിഎംഐ, ധർമ്മാരാം പബ്ലിക്കേഷൻസ്, ബാംഗ്ലൂർ.
27. ലൈറ്റ് ഓൺ ദി ബേൺട് ഹൊറൈസൺ, എഡിറ്റർ, ജോൺ മണ്ണാറത്തറ, വിവാ ബുക്ക്സ്, ന്യൂ ഡെൽഹി
28. ലൈഫ് ആൻഡ് ലെഗസി ഓഫ് ചാവറ കുര്യാക്കോസ് ഏലിയാസ്, എഡിറ്റർ, ജോൺ മണ്ണാറത്തറ, വിവാ ബുക്ക്സ്, ന്യൂ ഡൽഹി

**തമിഴ്**

29. ചാവറ കുര്യാക്കോസ് ഏലിയാസ് അഡികളാർ, കെഇസി പബ്ലിക്കേഷൻസ്, മാന്നാനം.
30. കുര്യാക്കോസ് ഏലിയാസ് ചാവറ, പി.സി. രത്തിനം, കെഇസി പബ്ലിക്കേഷൻസ്, മാന്നാനം.

ഹിന്ദി

31. ധന്യ കുര്യാക്കോസ് ചാവറ, കെഇസി പബ്ലിക്കേഷൻസ്, മാന്നാനം.

**കന്നഡ**

32. കെഇ ചാവറ, കെഇസി പബ്ലിക്കേഷൻസ്, മാന്നാനം.

**ഗുജറാത്തി**

33. സന്ത് കുര്യാക്കോസ് ചാവറ, കെഇസി പബ്ലിക്കേഷൻസ്, മാന്നാനം.

epaper.deepika.com